# പ്രവ്ദ



## കലാലയ സ്മരണിക

2018-19

ന്യൂമാൻ കോളേജ് തൊടുപുഴ

## നിത്യമാം പ്രകാശമേ...

നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ
ചുറ്റിലും ഇരുൾ പരന്നിടുന്ന വേളയിൽ
അന്ധകാരപൂർണ്ണമായ രാത്രിയാണുപോൽ
എൻ ഗൃഹത്തിൽ നിന്നും ഏറെ ദൂരയാണു ഞാൻ
നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!
ഏറെ ദൂരെയുള്ള നല്ല കാഴ്ച കാണുവാൻ
അല്ല എന്റെ അർത്ഥനകൾ നിൻ വരത്തിനായ്
എന്റെ പാദമൊന്നു നീ നയിക്കിലെത്രയും
എന്റെ മാർഗ്ഗദീപമേ എനിക്കു തൃപ്തിയായ്
നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!



# Newman College, Thodupuzha

## *Annual Magazine*


LEAD KINDLY LIGHT

# പ്രവ്ദ
The Truth

വെറും കടലാസ് തുണ്ടല്ലിത്...
ഇതിനും മേലെയൊരു വരിപോലുമില്ല
ഞങ്ങൾക്ക് പറഞ്ഞുവയ്ക്കാൻ...
ഇതിനും മേലെയൊന്ന് ഞങ്ങൾക്ക് നൽകാനുമില്ല
- എഡിറ്റോറിയൽ ബോർഡ്


Newman College
Thodupuzha, Idukki(Dist), Kerala- 685584, India
(Re-accredited by NAAC with A Grade &
affiliated to MG University, Kottayam)
Ph: 04862 222686(off)229797(Principal), 222486(Bursar)
E-mail: newmancollegethodupuzha@gmail.com
Url:www.newmancollge.ac.in

# Our Heavenly Patron




John Henry Cardinal Newman

## Our Patron



**Mar .George Madathikandathil**

## Our Manager



**Rev. Msgr. Dr. Cherian Kanjirakompil**

## Our Higher Education Secretary



**Rev. Dr. George Thanathuparambil**

## Our Principal



**Rev. Dr. Vincent Nedungattu**

*'Great leaders don't set out to be a leader.*
*They setout to make difference.*
*Its never about the role always about the goal'*

## Vice Pricipal



Rev. Dr. Manuel Pichalakkattu

*If your actions inspire others to dream, learn more, do more and become more, you are a leader*

## Our Bursar

*A leader is one who knows the way, goes the way and shows the way*



Rev. Fr. Thomas Poovathinkal

# കലാലയ യൂണിയൻ 2018–19

ചെയർമാൻ



അശ്വിൻ ബാബു

വൈസ് ചെയർപേഴ്സൺ



സ്വാതിമോൾ ബാബു

ജനറൽ സെക്രട്ടറി



അഖിൽ വിശ്വകുമാർ

സ്റ്റാഫ് അഡ്വൈസർ



പ്രൊഫ. കെ. പി. ബെന്നി

യു. യു. സി.



പാർവ്വതി കെ എം

യു. യു. സി



അമൽ സുധാകരൻ

മാഗസിൻ എഡിറ്റർ



ആർദ്ര വേലായുധൻ

ആർട്സ് ക്ലബ് സെക്രട്ടറി



ചന്ദന മോഹൻ

പോർട്സ് ക്ലബ് സെക്രട്ടറി



ജിനീഷ് ഒ എസ്

ലേഡി റെപ്രസെന്റിറ്റീവ്



സൂര്യ ജിജി

ലേഡി റെപ്രസെന്റിറ്റീവ്



അജ്മി റഹിം

1st ഡി. സി. റെപ്രസെന്റിറ്റീവ്



വിവേക് മോഹൻ

nd ഡി. സി. റെപ്രസെന്റിറ്റീവ്



അരുൺ എ വിനയൻ

3rd ഡി. സി. റെപ്രസെന്റിറ്റീവ്



അൽത്താഫ്

1st പി ജി റെപ്രസെന്റിറ്റീവ്



മനു മാത്യു

2nd പി ജി റെപ്രസെന്റിറ്റീവ്



ടോണിച്ചൻ മനയാനി

# EDITORIAL BOARD

## Staff Editors



Rev. Dr.Manuel Pichalakkattu



Dr. Bijimol Thomas



Dr.Neerada Maria Kurian



Dinta Elizabeth Manu

## Chief Editor



Ardra Velayudhan

## Sub Editors



Rojar Kuncheria



Althaf P.A.



Aisha Japhar



Krishnanunni



Ajmal V.M.



Sourav Narayanan



Prince Lukose



Tom Charly


# എഡിറ്റോറിയൽ

കളിയരങ്ങിൽ കവിയുടെ തൂലിക വർണ്ണം വിരിയിച്ച കലാലയത്തിന്റെ കടന്നു പോയ ഓർമ്മകളുടെ ബാക്കി പത്രം. ഈ ഓർമ്മകളുടെ സത്യസന്ധമായ അനാവരണമാണ് പ്രവ്ര 2018-19.

ഈ കലാലയത്തിന്റെ ഓരോ ചുവരിനും നമ്മളോട് പറയാൻ ഒത്തിരി കഥകൾ ഉണ്ടാവാം. ഓർക്കാനും ഓർമ്മപ്പെടുത്താനും ചിരിക്കാനും പാഠ്യേതര വിഷയങ്ങളിൽ കലാലയം സൃഷ്ടിച്ച അഭിമാന പ്രവർത്തനത്തിന്റെയും ഒരു എത്തിനോട്ടം.

കേരളീയന്റെ ചിന്തകളിൽ ഇന്നിന്റെ സത്യം തേടി നിവർന്ന് നിൽക്കാൻ ശ്രമിക്കുന്ന ഒരു പറ്റം യുവതി യുവാക്കളുടെ ആത്മ സമർപ്പണത്തിനായി നമുക്ക് ഒരുമിച്ച് യാത്ര തുടരാം...

എന്ന്,

സ്നേഹപൂർവ്വം

ആർദ്രാ വേലായുധൻ

എഡിറ്റർ

# ഉള്ളടക്കം


സമർപ്പണം സ: അഭിമന്യു 19
ഈ.മ.യൗ 20
ഗുരുപ്രഭ 21
മറക്കരുത്... ഒരിക്കലും ഒന്നും... 22
A NEW WORLD 23
മാതൃത്വത്തിന്റെ കരുതൽ 24
നീ 26
ശബ്ദം 31
മണ്ണും മഴയും 33
സ്വപ്നം 34
A LOST FRIENDSHIP! 35
കരളുറപ്പുള്ള കേരളം 36
പുനർജന്മം 37
ടവല 38
നാൽക്കാലി 43
സ്ത്രീ ശക്തീകരണം 44
മൗനഗീതം 45
Chemicals in food 46
മഴ 48
MOM 49
ആർത്തവത്തുണി 50
ഒരു ഡയറി 55
ബാല്യം 57
Negative 58
തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ആവശ്യകത 59
FATE 60
കലാലയം 61
ഓർമ്മയിൽ ഒരാൾ 62
സ്നേഹപാലാഴി 63
THOSE DAYS 64
ചിറകാർന്ന മോഹങ്ങൾ 65
ചാലക്കുടിക്കാരൻ ചങ്ങാതി 67
YOU ARE THE ONE 69
Wonders Of Spring 70
പുനർജന്മം 71
A PUZZLE OF IDENTICAL TWINS 72
വിലാപം 73
My Pearl... My Love... My Sister... 74
യൂണിയൻ റിപ്പോർട്ട് 2018–19 76























റ്റിബിൻ ടോം
MLS2

# സമർപ്പണം
# സഃ അഭിമന്യു



വർഗ്ഗീയ കാട്ടാളന്മാർ അടർത്തിയെടുത്ത
ചെമ്പുഷ്പമെ സഖാവേ
നിൻ ഓർമ്മകൾ ഈ
കലാലയങ്ങളിലെന്നും
അലയടിക്കും തിരയായി തീരുന്നിതാ
ഞാൻ പെറ്റ മകനെ
എൻ മകനെ എന്ന
ആ മാതാവിൻ വാക്കുകൾ
ജ്വലിക്കുന്നൊരീ തീനാളമായി
തീരുന്നിതെന്നുള്ളിൽ
നിന്റെ ചങ്കുകുത്തിപ്പിളർത്തവർക്കു
അറിയില്ലല്ലൊ എന്നിലും
നിന്നിലും ഒഴുകുന്നതു ഒരേ
ചോരയാണെന്നും അതിൻ നിറം
ചുവപ്പാണെന്നും
മറക്കില്ല സോദര നിൻ മുഖം
കാലത്തിൻ ചിന്തയിൽ നിന്നും
മാഞ്ഞുപോയ നിൻ ഓർമ്മകൾ
ഹൃദയത്തിൻ തുരുത്തിൽ
ശേഖരിക്കുവാൻ ഞാനാഗ്രഹിക്കുന്നു.
ലോകമാം സാഗരത്തിനാഴങ്ങളിലേക്ക്
നിൻ ഓർമ്മകൾ വലിച്ചെറിഞ്ഞാലും
നീ പുനർജ്ജനിക്കും യുവ മനസ്സുകളിൽ
ചിരഞ്ജീവിയായി കാരണം നീ രക്തസാക്ഷി




Arun Vinayan
CS4

കടൽ ഇരമ്പം, ബാന്റുമേളത്തിന്റെ അകമ്പടി, വർണ ശബളമായ ഒരു ഘോഷയാത്ര മൃത ശരീരവും വഹിച്ചുകൊണ്ടുള്ള വിലാപയാത്രയാകുന്നു ഇത്. തന്റെ ചിത്രങ്ങളിലുടനീളം വ്യത്യസ്തത നിറയ്ക്കുന്ന ലിജോ ജോസ് പല്ലിശ്ശേരിയുടെ മറ്റൊരു മാന്ത്രിക സ്പർശമായി ജീവിതത്തിന്റെ പച്ച യാഥാർത്ഥ്യത്തിന്റെ തനിമ നഷ്ടപ്പെടാതെയുള്ള അഭ്രപാളിയിലേയ്ക്കുള്ള പകർത്തെഴുത്തായി ഈ.മ.യൗ എന്ന ചിത്രത്തെ വിശേഷിപ്പിക്കാം, പഴുതടച്ച് തിരക്കഥയായി വി.എം. മാത്യൂസും അത്ഭുത ശബ്ദ സംവിധാനവുമായി പ്രശാന്ത് പിള്ളയും ചിത്രത്തിൽ അണിനിരക്കുന്നു. കടലിനോട് ചേർന്നു നിൽക്കുന്ന ഒരു ഗ്രാമം അവിടെ ഒരു വൈകുന്നേരം കഥ തുടങ്ങി അടുത്ത ദിവസം വൈകുന്നേരത്തോടെ അവസാനിക്കുന്ന മായിക പ്രക്രിയ എന്നോണം സിനിമ ആഖ്യാനം ചെയ്തിരിക്കുന്നു. വാവച്ചൻ മേസ്തിരി എന്ന വ്യക്തിയിൽ നിന്നും സിനിമ ആരംഭിക്കുന്നു. ഒരു ദേശാടനത്തിനുശേഷമുള്ള അദ്ദേഹത്തിന്റെ മടങ്ങി വരവ്, വരുന്ന വഴിയിൽ ഒരാളുമായി വാക്കേറ്റം, ഉന്തും, തള്ളും അദ്ദേഹം വീട്ടിൽ എത്തിച്ചേരുന്നു. മകൻ ഈശയും എത്തുന്നു അപ്പനും മകനും തമ്മിലുള്ള പരിഭവം അടക്കം പറച്ചിലുകൾ ഒടുവിൽ ഒന്നിച്ചുള്ള മദ്യപാനം, ചവിട്ടു നാടക രംഗങ്ങൾ അങ്ങനെ നീളുന്നു ആ വൈകുന്നേരം. ഈ അവസരത്തിൽ കഥയെ മാറ്റി മറിക്കുന്ന ഒരു സംഭവം അവരുടെ കുടുംബത്തിൽ ഉണ്ടാകുന്നു.


സാമ്പ്രദായികമായിട്ടുള്ള അവതരണ രീതിയെ സംവിധായകൻ പാടെ ഉപേക്ഷിച്ചിരിക്കുന്നു. ഓരോ സമയത്തും സിനിമയിൽ കഥാപാത്രങ്ങളുടെ എണ്ണം കൂടുന്നു, അതോടൊപ്പം സിനിമ കാണിച്ചു തരുന്ന ജീവിതവും സങ്കീർണ്ണമാകുന്നു. മരണമാണ് പരമമായ സത്യം എന്ന് വിളിച്ചോതുകയാണ് സിനിമ. മരണത്തിനപ്പുറം ചിന്തിക്കാനും സിനിമ അവസരം ഒരുക്കുന്നു. കടൽ എന്ന ഭൂമിയെയാണ് മരണം അവതരിപ്പിക്കാൻ ഇവിടെ തിരഞ്ഞെടുത്തിരിക്കുന്നത്. ജീവിതത്തെയും, മരണത്തെയും മുതലെടുക്കുന്ന മതത്തിന്റെ കപട മുഖവും ചിത്രം വരച്ചു കാട്ടുന്നു.

നിയമത്തേക്കാൾ ഉപരി ഏതൊരുവനും മതത്തിന് അധീനതയിലായിരിക്കുന്നു എന്ന സത്യം സിനിമ പറയാതെ പറയുകയാണ്. നന്മ, സ്നേഹം, സന്തോഷം, അധികാരം, നിസ്സഹായവസ്ഥ, എന്നീ വികാരങ്ങളുടെ വേലിയേറ്റമാണ്. ഈ.മ. യൗ മാജിക്കൽ റിയലിസത്തിന്റെ സാദ്ധ്യതകളും ചിത്രം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. സിനിമയുടെ ആരംഭത്തിൽ മരണയാത്രയ്ക്ക് അഭിമുഖമായി നിന്ന ഇലകൾ കൊഴിഞ്ഞ ചെടി യാഥാർത്ഥ്യത്തിൽ ജീവിതത്തിന്റെ അനിശ്ചിതത്വത്തിലേയ്ക്കുള്ള ചോദ്യചിഹ്നമാണ്.

കഥാപാത്രങ്ങൾ എല്ലാം ചിത്രത്തിനു ശേഷവും നമ്മുടെ മനസ്സിൽ ജീവിക്കുന്നു. പെണ്ണമ്മയുടെ കടലിനൊപ്പം ഇരമ്പുന്നു.









ജയിസൺ ജയിംസ്
HS 6

# ഗുരുപ്രഭ

അറിവിന്റെയാദ്യാക്ഷരം തെളിയുന്ന
പൂമുഖം ഗുരുവിന്റെ പുണ്യപീഠം
കൂരിരുൾ നീക്കുവാനെരിയുന്ന തിരി പോലെ-
യുരുകുന്നു ദിവ്യമാം ഗുരുജീവിതം
വിദ്യാലയത്തിന്റെ വിദ്യക്കുമപ്പുറം
ഗുണമായിയണയുന്ന സ്നേഹസ്പർശം
ഗുരുവിനെക്കാളും വളർന്നിടാൻ വാനിൽ
പറന്നിടാൻ ശിഷ്യർക്കുവരമേകുവോർ
മാതാവിന്റെ കരുതലോടൊന്നും
കരുത്തായി മുന്നിൽ നടക്കുന്നവർ
പഠനത്തിനുമപ്പുറം പാഠങ്ങളേറെ-
പ്പഠിപ്പിക്കുവാനായി പ്രയത്നിക്കുവോർ
കാലത്തിനൊപ്പം നടക്കുവാൻ
ശിഷ്യന്റെ കാതിൽ മുഴക്കം പതിപ്പിക്കുവോർ

പിന്നിൽ നടന്നൊരാപൈതലിനെ
തന്റെ കൈകൊണ്ടു
മുന്നേ നടത്തുന്നവർ
അതിരില്ലാ, മതിലില്ലാ അറിവിന്നുപകരുവാൻ
ഗുരുവിന്റെ മനതാരിലൊരുനാളിലും
നെറിവായിമാറുവാൻ മക്കൾക്കു
മാർഗ്ഗമായിതെളിയുന്ന സത്യപ്രകാശമല്ലോ
ഇരുൾ തിങ്ങിവിങ്ങുമീയിടനാഴിയിൽ
നിൻ പ്രകാശം പരത്തുന്ന ദിവ്യശോഭ
വാനിൽ പറക്കുന്ന പട്ടങ്ങളാകുവാൻ
ശിഷ്യർക്കുവരമേകും ദിവ്യപ്രഭ
നിന്നുള്ളിലെന്നുള്ളിലെരിയുന്ന
തീനാളമണയാതെ നിത്യവും
കാക്കണം നാം.





ജോസ്മി പോൾ
C S4

# മറക്കരുത്... ഒരിക്കലും ഒന്നും...

"കടലമ്മ സത്യം ഉള്ളാളാ ഓള് ചതിക്കില്ല സാറേ" "അത് അങ്ങനെയാ ആർത്തലച്ചു വരുന്ന തിരയെ കീറിമുറിച്ച് അന്നം തേടിപ്പോയിരുന്നത് ഒരു വിശ്വാസത്തിലാണ്... കടലമ്മ കാത്തോളും എന്ന വിശ്വാസം". പക്ഷെ പങ്കായവും വലയും കടലിലേയ്ക്കെറിയുമ്പോഴും ഒരാധിയുണ്ടായിരുന്നു ഇങ്ങ് കരയിൽ കെട്ടുറപ്പില്ലാത്ത വീട്ടിൽ ഭാര്യയും മക്കളും ഒറ്റയ്ക്കാണ് എന്ന ആധി. മണ്ണെണ്ണ വിളക്കിന്റെ നേർത്ത പ്രകാശത്തിന്റെ മുന്നിൽ ഭയന്നിരിക്കുന്നവരുടെ മുഖമായിരുന്നു കണ്ണു നിറയെ. അപ്പോഴാണ് ഞങ്ങൾക്കുള്ള നിധിയുമായി കടലമ്മ തിരമാലകളെ തീരത്തേയ്ക്ക് പറഞ്ഞു വിട്ടത്. കരിമണലായിരുന്നു ഞങ്ങൾക്കുള്ള നിധി.

അതോടെ ഞങ്ങളുടെ സമയം തെളിയുകയായിരുന്നു. കടലിന്റെ മക്കൾ ഇന്നലത്തേപ്പോലെ എല്ലാം ഓർത്തെടുക്കുകയായിരുന്നു. കരിമണൽ ഖനനം മൂലം വളരെ സാമൂഹ്യ ശ്രദ്ധ പിടിച്ചു പറ്റിയ ആലപ്പാട് എന്ന ഗ്രാമത്തിന്റെ ശബ്ദമാണിത്. ചെറു കാറ്റടിക്കുമ്പോൾ പറന്നു പോകുന്ന ഓലമേഞ്ഞ മേൽക്കൂരയ്ക്കു താഴെ മക്കളെ ചേർത്തുപിടിച്ച് നനഞ്ഞു തീർത്ത രാത്രികൾ ഇന്ന് ഒരു ദുഃസ്വപ്നമാണവർക്ക്.

കരിമണൽ ഖനനത്തിനായി തീരദേശം ഐആർ ഇ ഏറ്റെടുത്തപ്പോൾ അരസെന്റുകാർക്കും മുക്കാൽ സെന്റുകാർക്കും അഞ്ചും എട്ടും സെന്റുകൾ നൽകി.

മഴക്കാലത്ത് പോലും കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന വീടുകളിൽ പോലും 365 ദിവസവും ശുദ്ധജലം സൗജന്യമായി കിട്ടിത്തുടങ്ങി. വഴിവിളക്കുകൾ മുടങ്ങാതെ കത്തിത്തുടങ്ങി. കെട്ടുറപ്പുള്ള വീടുകൾ ഈ കടപ്പുറമാകെ നിരന്നത് ഐ. ആർ. ഇ കാരണമാണെന്ന് പ്രദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു. പിന്നെ സ്ഥലമേറ്റെടുത്ത കുടുംബങ്ങളിലെ പലർക്കും ജോലി കിട്ടിയില്ല എന്നൊരു പ്രശ്നമാണ്. ഇതാണ് ആലപ്പാടിന്റെ സത്യം. അവർ പറയും കടലമ്മ ചതിക്കില്ല സാറേ ഐ. ആർ. ഇ യും.









Vishnuja,
ELS4

# A NEW WORLD

Generations came up
When days pass
War and love came
Back to back
Some died some survived,
Some cured some unhealed,
Some struggled hard,
For a living and the rest found a place in the heavens.
But...
Situation changed when they had a new hero...
More precisely, a group of heroes...
They took the whole world on their shoulders
And lifted the struggling
They poked their nose into every trouble...
They stayed together to build up
a new world...
Love for the living became stronger
They never looked down on a stranger
Neither hesitated to offer a hand.
They just moved on...
They were never afraid on sky...
They were never afraid on water...
They were never afraid on mountain
They walked with courage...
Because they are the man of man of new earth
**THE YOUTH.**



കത്രീന പൗലോസ്
HS2

# മാതൃത്വത്തിന്റെ കരുതൽ

പട്ടണത്തിലെ ഒഴിഞ്ഞഭാഗത്തുള്ള ഇടുങ്ങിയ വഴിയുടെ വക്കിൽ ഒരു ചെറിയ വീട്ടു മുറ്റത്ത് തുളസിത്തറ,ചെത്തിയും ചെമ്പരത്തിയും ഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുന്നു. ഒഴിഞ്ഞ വരാന്തയിൽ നിശബ്ദ ശബ്ദത്തിന്റെ അകമ്പടിയോടെ പൂച്ചയുടെ ഞരക്കം കേൾക്കാം. ഉമ്മറപ്പടിയുടെ കോലായിൽ പാറിപ്പറന്ന് മുടിയിഴകൾ ചുഴ്ന്നിറങ്ങിയ കണ്ണുകൾ വരണ്ടുണങ്ങിയ ചുണ്ടുകൾ ആരെയോ ഉമ്മറത്ത് കാത്ത് പ്രതീക്ഷയോടെ നിൽക്കുന്ന ഒരു സ്ത്രീരൂപം. ഞെട്ടലോടെ അയാൾ ആ രൂപത്തെ ഒന്ന് തുറിച്ച് നോക്കി, ആരും ഇവിടെ ഇല്ലേ? അയാൾ ചോദിച്ചു. വൃദ്ധ കണ്ണുയർത്തി നോക്കി. ചെവിയുടെ കേൾവിശക്തി പോയിരിക്കുന്നു എന്ന് അയാൾക്ക് മനസ്സിലായി. അയാൾ വളരെ ഉച്ചത്തിൽ ചോദിച്ചു, ഇവിടെ വേറാരും ഇല്ലേ?? ഒരു ഇടറിയ ശബ്ദത്തോടെ വൃദ്ധ മറുപടി പറഞ്ഞു, ഇവിടെ ഞാൻ മാത്രമേ ഉള്ളൂ, എന്റെ ചെവി ആണെങ്കിൽ കേൾക്കുകയുമില്ല. അപ്പോൾ അയാൾ ചോദിച്ചു മക്കൾ ആരും വന്നില്ലേ? ഒരു തേങ്ങലോടെ വൃദ്ധ മറുപടി നൽകി, കഴിഞ്ഞ ഒരു വർഷം മുമ്പ് ഒരു മകൻ വന്നു അന്വേഷിച്ചു പോയി. പിന്നെ ഒരു മാസം മുമ്പ് ഒരു കത്തും മണി ഓർഡറും അയച്ച് തന്നു. ആ കത്ത് അയാളെ കാണിച്ചിട്ട് അത് നെഞ്ചോട് ചേർത്തുപിടിച്ചു. ഈ കത്താണ് എനിക്ക് ആശ്വാസം. അവർ ആ കത്ത് നെഞ്ചോട് ചേർത്ത് ഉച്ചത്തിൽ ഏങ്ങിക്കരഞ്ഞു. കണ്ണിൽ നിന്ന് കണ്ണീർ പൊഴിഞ്ഞില്ല. ഉറങ്ങിയിട്ട് മൂന്നു ദിവസമായി എന്ന് അയാൾക്ക് വൃദ്ധയുടെ മുഖഭാവത്തിൽ നിന്ന് മനസ്സിലായി. വൃദ്ധ അയാളെ സ്നേഹത്തോടെ അകത്ത് ചാരുകസേരയിൽ ഇരുത്തി എന്നിട്ട് വിശേഷങ്ങൾ തിരക്കി. "ഒരു മകൻ മാത്രമേ ഉള്ളോ?" "അല്ല ഒരു മകൾ കൂടി ഉണ്ട്". "അവൾ എവിടെ?" "പാരീസിൽ ഭർത്താവിന്റെ കൂടെയാണ് കഴിയുന്നത്. രണ്ട് കുട്ടികളുമുണ്ട്." വളരെ ആർഭാടത്തോടെ കല്യാണം കഴിച്ച് വിട്ടതാ, സ്വത്തും നൽകി. എന്നാൽ എനിക്ക് സംസ്കാരം കുറവാണെന്നും പറഞ്ഞ് അവൾ ഇങ്ങോട്ടുള്ള വരവ് നിർത്തി. ആകെ ഒരു പ്രാവശ്യം വിളിച്ചു, അതും വിൽപ്പത്രത്തിൽ ഒപ്പിടാൻ. എന്റെ പേരക്കുട്ടികളുടെ മുഖം ഞാൻ ഒരിക്കൽ പോലും കണ്ടിട്ടില്ല. വൃദ്ധയുടെ മുഖം ചുളിഞ്ഞു. രണ്ടാമത്തെ കുട്ടി ജനിക്കുന്നതിന് മുമ്പേ എന്റെ ഭർത്താവ് മരിച്ചു. ഞാൻ എന്റെ രണ്ട് മക്കളെയും പൊന്ന് പോലെ നോക്കി. ഏറ്റവും വലിയ സ്കൂളിൽ പഠിപ്പിച്ചു. ഒരോ വീട്ടിലെയും ആട്ടും തുപ്പും സഹിച്ച് ജോലി ചെയ്ത് സമ്പാദിച്ചതാണ് ഈ സമ്പത്തെല്ലാം. എന്റെ മക്കൾക്ക് വേണ്ടി ഒത്തിരി ത്യാഗം സഹിച്ചു. എന്നാൽ അവർ എന്നെപ്പറ്റി ചിന്തിച്ചില്ല. ചെറുപ്പത്തിൽ വളരെ സ്നേഹമായിരുന്നു. എന്നാൽ വലുതായപ്പോൾ അതെല്ലാം മറന്നു. ആ വൃദ്ധ ചടഞ്ഞിരുന്നു. എന്റെ മക്കൾ എന്നെ വിട്ടുപോയി. എനിക്കാരുമില്ല. ഇന്നാളൊരു പോസ്റ്റ്മാൻ വീടിന്റെ ഉമ്മറത്ത് നിന്ന് കൂക്കി വിളിച്ചു. ഞാൻ ഇറങ്ങിച്ചെന്നു, അയാൾ ഒരു കത്തു നീട്ടി. ഞാൻ അത് വാങ്ങിച്ചു. അതിൽ ഇങ്ങനെ എഴുതിയിരുന്നു, അമ്മയെ ഇനി എല്ലാവർഷവും വന്ന് നോക്കാൻ ഞങ്ങൾക്കാവില്ല. അത് വളരെ ബുദ്ധിമുട്ടാണ്. ടിക്കറ്റിനു വേണ്ടി ഒത്തിരി കാശ് പോയി അതുകൊണ്ട് അമ്മയെ ഞങ്ങൾ വൃദ്ധസദനത്തിൽ ആക്കുകയാണ്. അവിടെയാണെങ്കിൽ അവർ നന്നായി നോക്കിക്കോളും. എന്റെ ഈ വീടും ഭർത്താവിന്റെ ശരീരം ലയിച്ചിരിക്കുന്ന ഈ മണ്ണും ഈ പുൽച്ചെടികളെയും വിട്ട് ഞാൻ പോകില്ല. ഞാൻ ഈ മണ്ണിൽ കിടന്ന് മരിക്കും. വൃദ്ധ ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു. അദ്ദേഹം ചാരുകസേരയിൽ നിന്നും എഴുന്നേറ്റിട്ടു പറഞ്ഞു, ഞാൻ അപ്പുറത്തെ വീട്ടിലെ ഭാസ്കരന്റെ മോനാ. ആ അപ്പു അല്ലേ? അതെ! വൃദ്ധ ഒരു ചെറു പുഞ്ചിരിയോടെ അയാളോട് പറഞ്ഞു. അപ്പു ഓർക്കുന്നുണ്ടോ വീട്ടിലെ മുറ്റത്തെ മാവിലെ മാങ്ങ പറിക്കാൻ മാവിൽ കല്ലെറിഞ്ഞപ്പോൾ ഓട് പൊട്ടിയത്? അപ്പോൾ എന്റെ ഭർത്താവ് തല്ലിയത് ഞാൻ ഓർക്കുന്നു. അദ്ദേഹം വൃദ്ധയെ ആശ്ചര്യത്തോടെ നോക്കി. ആ ഓരോ മക്കളും ഇങ്ങനെയാവാം മാതാപിതാക്കളെ നോക്കുക. ചിലർക്ക് സ്വത്ത് മതി. ഇതാണ് കാലം. മറിച്ച് മാതാപിതാക്കളെ സ്വത്തിന്റെ കാര്യം പറഞ്ഞ് വൃദ്ധസദനത്തിലാക്കും. ഭാസ്കരേട്ടന്റെ ഒരു ഭാഗ്യം. നല്ല മനുഷ്യനാ, ഒരു മക്കളുടെയും ശാപം ഏൽക്കരുത്. വൃദ്ധ അദ്ദേഹത്തിന്റെ തലയിൽ കൈവച്ച് അനുഗ്രഹിച്ചു. അദ്ദേഹം തന്റെ ബാഗിൽ ഇരുന്ന ഒരു പൊതി എടുത്ത് വൃദ്ധയുടെ അരികിലേക്ക് നീട്ടി. ഇത് കുറച്ചു പലഹാരങ്ങളാ. വന്നപ്പോൾ കൊണ്ടു വന്നതാ. മുത്തശ്ശി കഴിച്ചോ. ആ വൃദ്ധയുടെ മുഖത്ത് സ്നേഹത്തിന്റെ അലയടികൾ കാണാമായിരുന്നു. അദ്ദേഹം യാത്ര ചോദിച്ച് ഇറങ്ങി. വളരെ സൗന്ദര്യം തുളുമ്പുന്ന മുഖവുമായി നെറ്റിയിൽ ചന്ദനക്കുറി ചാർത്തി മുടിയിൽ തുളസിക്കതിർ ചൂടി ചിരിച്ചു നിൽക്കുന്ന ആ മുത്തശ്ശി അദ്ദേഹത്തിന്റെ മനസ്സിൽ ഇപ്പോഴുമുണ്ട്. മാതൃത്വം എന്നത് ഒരു കരുതലാണ്. ഒരമ്മയുടെ സ്നേഹം ഒരിക്കലും തിരസ്ക്കരിക്കരുത്. അമ്മയുടെ സ്നേഹം കുഞ്ഞിന്റെ ജീവിത്തിലെ അവിഭാജ്യഘടകമാണ്.



സ്ത്രീ വീടിന്റെ വിളക്കാണ്. അത് കെടുത്തരുത്, അത് കെട്ടാൽ ആ വീട്ടിലെ ഐശ്വര്യം നഷ്ടമാകും.



ദേവിക ഷാജി
BS 4

# നീ

നീരിന്റെ അംശം വറ്റി, വരണ്ട അവളിലേയ്ക്ക് നീണ്ട കാത്തിരിപ്പിനുശേഷം സാന്ത്വന സ്പർശമായി പുതുമഴയിലെ ആദ്യനീർത്തുള്ളികൾ കിനിഞ്ഞ് മുറിവുകളിലൂടെ അവ ഉണങ്ങി ഒഴുകാൻ തുടങ്ങിയപ്പോൾ കഴിഞ്ഞ കാലത്തിന്റെ പേടിപ്പെടുത്തിയതും വേദനിപ്പിച്ചതുമായ ക്രൂരതകളുടെ പാളികളിലൂടെ സഞ്ചരിക്കുകയായിരുന്നു അവളുടെ ഓർമ്മകൾ. അവളിൽ കുളിർമഴയേകി അവളായ ഭൂമിയിൽ മാത്രം ആശ്രയിച്ചു കഴിയുന്ന ഒരായിരം ജീവികളിൽ അവയുടെ ദാഹം ശമിപ്പിച്ചും കല്ലുകളിൽ തട്ടിക്കളിച്ച് ഉല്ലസിച്ചിരുന്ന ജലാശയങ്ങളെ തടഞ്ഞുനിർത്തി അണക്കെട്ടുകൾ നിർമ്മിച്ച് ഭൂമിയുടെ പ്രിയപ്പെട്ടവനായ മനുഷ്യൻ തന്നെ അവളെ ദ്രോഹിക്കുവാൻ തുടങ്ങി. പിന്നീട് അവൻ തന്നെ നിർമ്മിച്ച ഒരിക്കലും മരണമില്ലാത്ത ആ ശത്രുവിനെ അവളിലേയ്ക്ക് വലിച്ചെറിഞ്ഞു. എന്നും മനുഷ്യന് തണലായും ആശ്രയമായും നിന്നിരുന്ന മരം എന്ന തണലിനെ മുറിച്ചു മാറ്റി മഴ എന്ന കാമുകനെ അവളിൽ നിന്നകറ്റി. എല്ലാ ക്രൂരതകൾക്കും ഒടുവിൽ സാന്ത്വനവുമായി മഴ അവളെ തേടി എത്തി. മനുഷ്യാ... ഭൂമി എന്നും നിന്റെ പക്ഷത്തു തന്നെയാണ്. എന്നാൽ മഴ എന്ന കാമുകൻ ഒരിക്കലും അവളുടെ വേദനകളെ കണ്ട് നിൽക്കുകയില്ല. അവൻ ഒന്ന് ആർത്തു പെയ്തപ്പോൾ നിനക്കുണ്ടായത് നികത്താനാകാത്ത നഷ്ടങ്ങളാണ്. ഭൂമിയെ ദ്രോഹിച്ചും നീ നിന്റെ വംശത്തെ തന്നെ വേദനിപ്പിച്ചും വെട്ടിപ്പിടിച്ചതെല്ലാം സ്വന്തം കൺമുന്നിലൂടെ തകർന്നടിഞ്ഞ് ഒലിച്ച് പോവുന്നത് നിസ്സഹായതയോടെ നിനക്ക് നോക്കി നിൽക്കേണ്ടി വന്നെങ്കിൽ ഒന്നോർക്കുക ഇന്ന് നീ അനുഭവിക്കുന്ന എല്ലാത്തിനും കാരണം നീ തന്നെയാണ്.

നഷ്ടങ്ങളുടെ കണക്ക് എടുക്കാതെ നീ മുന്നിലേയ്ക്ക് എല്ലാത്തിനെയും അതിജീവിച്ച് തുടങ്ങുമ്പോൾ ഭൂമിയെ നീ സ്നേഹിച്ച് അല്ലെങ്കിൽ ദ്രോഹിക്കാതെ ജീവിച്ചാൽ അവൾ കാരണം ഇനി നിന്റെ കണ്ണ് നിറയില്ല ഉറപ്പ്. കാരണം അവൾ ഭൂമിയാണ് മനുഷ്യനല്ല.







# പിന്നോട്ട് 2018-19




# ഉപ്പും മുളകും
Food Fest 2018-19








# ശബ്ദം

അൽബീന രാജു
HS2

സമയം 7.10 കോയ്പ്പടി എന്ന ഗ്രാമത്തിൽ മൂന്നു ചെറുപ്പക്കാർ ബസ്സ് ഇറങ്ങുന്നു. അരുൺ, അമൽ, ആദി. അവർ സിനിമയ്ക്ക് കഥ എഴുതാൻ വന്നതാണ്. അരുൺ ആ നാട്ടുകാരനാണ്. അവനാണ് വീട് സംഘടിപ്പിച്ച് കൊടുത്തത്. അരുൺ ബസ്സിൽ നിന്നും ഇറങ്ങിയപ്പോൾ ജോർജ്ജിനെ വിളിച്ചു വീടിന്റെ ഉടമസ്ഥൻ. ഉടമസ്ഥൻ വരുന്നതുവരെ അവർ ഒരു കടയിൽ നിന്നും ആവശ്യമായ സാധനങ്ങൾ മേടിച്ചു. ഈ സമയം ബൈക്കിൽ ജോർജ്ജ് എത്തി. അമലും ആദിയും ജോർജ്ജിനെ പരിചയപ്പെട്ടു. അവർ കണ്ടുപിടിച്ച വീട് ദൂരെയാണ്. ആ വഴി ബസ് പോവുകയില്ല. അവർ ഓട്ടോറിക്ഷയ്ക്കാണ് പോയത് ജോർജ്ജിനെ പിൻതുടർന്നു. 5 മിനിറ്റിനു ശേഷം ഓട്ടോ നിർത്തി. ആ ഭാഗത്ത് വെളിച്ചമില്ലാത്തത് കൊണ്ട് അവർ ഫോണിന്റെ വെളിച്ചം ആശ്രയിച്ചു. അവർ അവിടെ ഒരു കെട്ടിടം കണ്ടു. അത് ഒരു അംഗൻവാടി ആയിരുന്നു. അതിനോട് ചേർന്നാണ് ഇവർ താമസിക്കാൻ പോകുന്ന വീട്. നല്ല ഇരുട്ടുണ്ട്. അവർ ജോർജ്ജിനെ പിൻതുടർന്നു. വീടിന്റെ ലോക്ക് തുറന്ന് റൂമിനെപ്പറ്റിയും മറ്റു കാര്യങ്ങളും പറഞ്ഞുകൊടുത്തു. നല്ല പഴക്കമുള്ള വീടാണ്. പോകാൻ നേരത്ത് ജോർജ്ജ് ചേട്ടൻ, ഇവിടെ രണ്ട് പൂച്ചകൾ ഉണ്ട് അതിന് ഭക്ഷണം കൊടുക്കണം. ആ വീട്ടിൽ എല്ലാ സൗകര്യങ്ങളും ഉണ്ടായിരുന്നു. കുടിക്കാനുള്ള വെള്ളം ഒഴികെ.

അടുത്ത ദിവസം വൈകിയാണ് എഴുന്നേറ്റത്. കാപ്പികുടി കഴിഞ്ഞ് അവർ വീട് വൃത്തിയാക്കാൻ തുടങ്ങി. അവർ വൃത്തിയാക്കുന്നതിനിടയിൽ കിണറിൽ നോക്കി, ആകെ കരികിയിലയും തുരുമ്പിന്റെ ചുവപ്പും പിടിച്ച് കിടക്കുന്നു. അരുൺ, ജോർജ്ജ് ചേട്ടനെ വിളിച്ച് കാര്യം പറഞ്ഞു. വൈകിട്ട് വന്ന് തേകിയേക്കാം എന്ന് പറഞ്ഞു. ചേട്ടൻ വന്നിട്ട് കിണർ തേകാൻ ശ്രമിച്ചെങ്കിലും അത് നടന്നില്ല. ചേട്ടൻ പറഞ്ഞു

താഴെ കാണുന്ന ഈ അംഗൻവാടിയിലെ കിണർ പഞ്ചായത്ത് കിണർ ആണ്, അതിന് നിന്നും കുടിക്കാനുള്ള വെള്ളം എടുക്കാമെന്ന്. രാവിലെയും വൈകിട്ടുമാണ് എടുക്കാൻ അനുവാദം കിട്ടിയത്.

അവർ വീടിന്റെ മുറ്റത്ത് കസേരയിട്ട് സിനിമയുടെ സീൻ, ഷോട്ട് എന്നിവ ചർച്ച ചെയ്തു. വീടിന്റെ മുറ്റത്തു നിന്ന് നോക്കുമ്പോൾ അംഗൻവാടിയിൽ നിന്നു കുട്ടികളുടെ ചിരി, കരച്ചിൽ, പഠിപ്പിക്കൽ അവർക്ക് കഥകൾ പറഞ്ഞുകൊടുക്കുന്നതു കേൾക്കാം. അങ്ങനെയിരിക്കെ ഒരു ദിവസം കുടിക്കുവാൻ വെള്ളം തീർന്നുപോയി. മടി ആയതു കൊണ്ട് വൈകിട്ടുപോയില്ല, രാവിലെ എഴുന്നേറ്റുമില്ല. അവർ ഉച്ച ആയപ്പോൾ ബക്കറ്റുമായി പഞ്ചായത്ത് കിണറിൽ നിന്നും വെള്ളമെടുക്കാൻ തീരുമാനിച്ചു. അവർ അംഗൻവാടിക്ക് അടുത്ത് എത്തിയപ്പോൾ ടീച്ചറിന്റെ ശബ്ദം ഉയരുന്നത് കേട്ടു. നോക്കുമ്പോൾ ടീച്ചർ കുട്ടിയെ തല്ലുകയും ചെയ്യുന്നു. അവർ കിണറ്റിന്റെ കരയിൽ എത്തി. ടീച്ചർ അവരെ കണ്ടില്ലെങ്കിലും വഴക്ക് പറയുന്നത് നിർത്തിയില്ല. കുട്ടിയുടെ കരച്ചിൽ ഉയരുന്നു വീണ്ടും അവർ വെള്ളമെടുക്കാൻ തുടങ്ങി, ടീച്ചർ പാഞ്ഞുവന്ന് അവർ ആരെന്ന് തിരക്കി. അവർ പറഞ്ഞു ഞങ്ങൾ സിനിമയ്ക്ക് തിരക്കഥ എഴുതാൻ വന്നതാണ് വീട് കുറച്ച് ദൂരെയാണ്. അപ്പോൾ ടീച്ചർ ചോദിച്ചു നിങ്ങൾ എന്തിനാ ഈ കിണറിൽ നിന്നും വെള്ളം എടുക്കുന്നത്? അവിടെ കിണർ ഉണ്ടല്ലോ!

ആ വെള്ളം എടുക്കാൻ കൊള്ളില്ല, പിന്നെ ജോർജ് ചേട്ടൻ തന്നെയാണ് ഇവിടുന്ന് വെള്ളം എടുക്കാൻ പറഞ്ഞത്. ഇവിടുന്ന് വെള്ളം എടുക്കാൻ ഞങ്ങളോട് ചോദിക്കണ്ടേ? ടീച്ചർ ചോദിച്ചു. അപ്പോൾ അമൽ പറഞ്ഞു ഇത് പഞ്ചായത്ത് കിണറല്ലേ പിന്നെ എന്താ കുഴപ്പം? ഞങ്ങൾ ഇവിടെ ഉള്ളപ്പോൾ ഞങ്ങളോട് ചോദിച്ചിട്ട് വെള്ളം എടുത്താൽ മതി! അരുൺ ആക്കിയ രീതിയിൽ ഓ... വച്ചു.

നിങ്ങൾ എന്തിനാ ആ കുട്ടിയെ തല്ലുന്നത്? അതിന്റെ കരച്ചിൽ വീട് വരെ കേൾക്കാം. അത് നിങ്ങൾ അന്വേഷിക്കണ്ട.

അവർ വെള്ളമെടുത്ത് മുന്നോട്ട് നടന്നു. ആ കുട്ടിയുടെ കരച്ചിൽ നിന്നില്ല. അവർ ടീച്ചറിനെക്കുറിച്ചുള്ള സംസാരം തുടർന്നു. ആ കുട്ടിയുടെ കരച്ചിൽ സഹിക്കാൻ കഴിയാതെ അവർ ചൈൽഡ് ലൈൻ പ്രവർത്തകരെ വിളിച്ച് കാര്യം പറഞ്ഞു. ഏകദേശം ഒരു മണിക്കൂർ ശേഷം പ്രവർത്തകർ വരികയും അവർ ടീച്ചറിനോട് സംസാരിക്കുകയും കുട്ടികളെ പരിശോധിക്കുകയും ചെയ്തു. ടീച്ചർ അടിച്ച പാടുകൾ കുട്ടികളോട് ചോദിച്ച് അന്വേഷിച്ചു. ടീച്ചർ കുറ്റസമ്മതം നടത്തി. കുട്ടി സംസാരിച്ചതിന്റെ പേരിലാണ് കുട്ടിയെ അടിച്ചത്. അരുൺ പറഞ്ഞു കുട്ടികൾ ആയാൽ സംസാരിക്കും അവർ കൺമുന്നിൽ കാണുന്ന കാര്യങ്ങളെ കുറിച്ച് കൗതുകത്തോടെ സംസാരിക്കും. ഇപ്പോൾ അവരുടെ സംസാരം നിശബ്ദമാക്കിയാൽ ഭാവിജീവിതത്തിൽ അവർക്ക് എന്ത് സംഭവിച്ചാലും അവർ നിശബ്ദരായിരിയ്ക്കും. നിങ്ങൾ എല്ലാ പുതുതലമുറയിലെ പ്രതികരണശേഷി ആണ് കുറയ്ക്കുന്നത്.



വരും തലമുറയ്ക്ക് കരുത്ത് പകരുന്ന എല്ലാ വ്യക്തികളും അധ്യാപകരും അതിലൊരു പങ്ക് ഏറെ വഹിക്കുന്നുണ്ട്. ചൈൽഡ് ലൈൻ പ്രവർത്തകർ ടീച്ചറിനെതിരെ കേസ് എടുക്കുകയും അരുൺ, ആദി, അമൽ എന്നിവരെ അഭിനന്ദിക്കുകയും ചെയ്തു. പ്രതികരണശേഷി ഇല്ലാത്ത തലമുറയെ അല്ല അവരുടെ ആശയങ്ങൾ പങ്കുവെയ്ക്കുന്നത് തുറന്ന് പറയുന്നിനുമുള്ള ഒരു വേദിയാണ് ഒരോ തലമുറയ്ക്കും വേണ്ടത്.









അഥീന ഷിജി
BS2

# മണ്ണും മഴയും

മിഥുനത്തിൽ മഴപെയ്താൽ മിന്നുകെട്ട്
മണ്ണിന് മേടത്തിൽ മഴത്തുള്ളി വരണ മാല്യം
മീനത്തിൽ മഴമേഘം മാരനാകും
മഴക്കാലം മരതക പുടവയേകും
മഴമുകിൽ മണ്ണിൽ മലർ ചൊരിയും
മഴയവൾക്കേകും മാരിവില്ല്
മരതക പൂക്കൾ കൺതുറക്കും
മണ്ണിൻ നെറ്റിയിൽ കുങ്കുമപൂവാകും
വേനൽമഴമണ്ണിൻ മിഴിതുറക്കും
വീണമീട്ടും പൈങ്കിളിപ്പാട്ടുപാടും
വാചാലനാകും വെൺചന്ദ്രൻ
വാതിൽക്കലെത്തും മഴമേഘം
കർക്കിടമാസം കലിതുള്ളിയുറയും
കാലം കരിമ്പടം അണിയും
കർക്കിടത്തിമിർപ്പു കഴിഞ്ഞുവെന്നാൽ
കാറ്റിൻ താളത്തിൽ മഴമറയും

ചിങ്ങം ഓണത്തേരേറിയകലും
കന്നിപ്പൂവുകൾ കണ്ണടയ്ക്കും
തുലാമഴമണ്ണിൻ മാറ് പിളർക്കും
പിന്നെയും മണ്ണ് മഴ മറക്കും
മകരസൂര്യൻ നിഴൽ പുതയ്ക്കും
മണ്ണിൽ വസന്തം മൊട്ടിടും
കാലങ്ങൾ ഏറെ കടന്നുപോകും
വസന്തമവളിൽ നിന്നകന്നുപോകും
ഇലകൾ പൊഴിയും ശിശിരമാകും
മണ്ണിൻ ഹൃദയം വിണ്ടുണങ്ങും
അവളുടെ കണ്ണിൽ കനൽനിറയും
മഴയുടെ സ്പന്ദനം അവൾ കൊതിക്കും
കേണുവിളിക്കും അവളവനെ
കാണാതലയും ഏറെനാളിൽ
അവളുടെ നൊമ്പരമവനറിയും
വിണ്ണിൻ പുത്രന്റെ കൺനിറയും
ആ കണ്ണുനീരിൽ അവൾനനയും
മണ്ണവൾ വീണ്ടും മലരണിയും.



മീരാ മുരളി
BS2

# സ്വപ്നം

ഇരുട്ടിന്റെ സാന്ദ്രത കൂടി വരുംതോറും അവൾക്കുള്ളിലെ പേടിയുടെ ആഴവും കൂടികൊണ്ടിരുന്നു. അവളുടെ കാൽപാദങ്ങൾ വേഗത്തിൽ ചലിക്കാൻ തുടങ്ങി. എങ്ങും ചീവീടുകളുടെ മർമ്മരം മാത്രം. അപ്പോഴാണ് അവളത് ശ്രദ്ധിച്ചത്. കരയിലകളെ ഞെരിച്ചമർത്തി മറ്റൊരു കാൽപ്പെരുമാറ്റം. ഉള്ളിലെ ഭയത്തിന്റെ അഗ്നി ആളാൻ തുടങ്ങിയിരിക്കുന്നു എങ്കിലും അവൾ ധൈര്യം സംഭരിച്ച് മുൻപിൽ നടന്നു. നടക്കുന്നതിനിടയിൽ അവളിലേക്ക് ചിന്തകളുടെ കുത്തൊഴുക്കായിരുന്നു. പെട്ടെന്നത് സംഭവിച്ചു.

അമ്മൂട്ടിയെ... മുത്തശ്ശിയുടെ വിളിയും കേട്ടാണ് അവൾ കണ്ണ് തുറക്കുന്നത്. എന്താ കുട്ടിയേ, ഇത്രയും നേരം ഉറങ്ങാണോ? നേരം വെളുത്ത് ഇത്രനേരം ആയിരിക്കുന്നു എന്താ നിനക്ക് കോളേജിലൊന്നും പോവണ്ടേ? മുത്തശ്ശി സംസാരിക്കുമ്പോഴും എന്റെ മനസ്സിൽ ആ സ്വപ്നത്തെക്കുറിച്ചായിരുന്നു. പതിവില്ലാതെ ഇങ്ങനെയൊക്കെ സ്വപ്നം കാണാൻ എന്താവോ, എന്തോ? അയ്യോ.മറന്നല്ലോ.

എന്നെ ഇതുവരെ ഞാൻ പരിചയപ്പെടുത്തിയില്ലല്ലോ. ഞാൻ അനശ്വര. എല്ലാവരുടെയും അമ്മൂട്ടി. ശ്രീധരൻ നായരുടെയും മാലതിയുടേയും ഒറ്റപുത്രി. എനിക്കൊരു പുന്നാര മുത്തശ്ശി ഉണ്ടട്ടോ. ഭവാനിയമ്മ. ഞാൻ എം.എ. കോളേജിൽ ഡിഗ്രിക്ക് പഠിയ്ക്കുവാണട്ടോ. ഇപ്പോ ലീവിന് വന്നതാണ്.

അമ്മൂ... അമ്മയുടെ വിളി അടുക്കളയിൽ നിന്നുമുയർന്നു കേട്ടു. ഇവിടെ നിന്ന് ദിവാസ്വപ്നം കാണാതെ പോയി കുളിച്ചിട്ട് വരൂ. ഒരു വക കഴിക്കാണ്ട് കോളേജിൽ പോകാനുള്ള പരിപാടിയാണവൾക്ക്. അമ്മ പിറുപിറുക്കുന്നത് കേട്ടുകൊണ്ടാണ് ഞാൻ കുളിക്കാൻ പോയത്.

മാലതിയമ്മ ഇങ്ങനെയാണ് അമ്മുവിനോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നത്. വീട്ടിൽ വന്നാൽ രണ്ടാളും വഴക്കടിച്ചോണ്ടിരിക്കും. എന്നാലും ഒരു കുന്നോളം സ്നേഹം ഉണ്ടുട്ടോ. വഴക്കും പരിഭവങ്ങളും തീർന്നു വീണ്ടും പഴയ ഹോസ്റ്റൽ ലൈഫ് മനസ്സില്ലാമനസ്സോടെ ബാഗ് എടുത്ത് നടന്നു. ബസ്സിറങ്ങി ഹോസ്റ്റലിലേക്ക് ഇനിയും ഒരു കിലോമീറ്റർ ഉണ്ട്. നേരം ഇത്തിരി വൈകിയിരിക്കുന്നു. റോഡിൽ വണ്ടികളൊന്നുമില്ല.

കുറച്ചു ഭയത്തോടെ എങ്കിലും മുന്നോട്ട് നടന്നു. ഏതോ ഒരു കാൽപ്പെരുമാറ്റം തന്നെ പിന്തുടരുന്നു. തിരിഞ്ഞ് നോക്കാനുള്ള ഭയംമൂലം എന്റെ കാൽപാദങ്ങൾ വേഗത്തിൽ ചലിച്ചു. എന്തായാലും ഒറ്റയ്ക്ക് തനിക്ക് ഇയാളെ എതിർത്ത് നിൽക്കാനാവില്ല. ഹോസ്റ്റൽ വരെ ഏതു വിധേനയും എത്തിപ്പെടണം. ബാക്കി അവിടെ ചെന്നിട്ടാവാം. ഇനി രാവിലത്തെ സ്വപ്നം സത്യമാവുമോ ഈശ്വരാ. സകല ദൈവങ്ങളെയും വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടാണ് ഞാൻ നടന്നത്. ഹോസ്റ്റൽ മുറ്റത്ത് സെക്യൂരിറ്റിയുണ്ട്. അത് കണ്ടപ്പോൾ എനിക്ക് ആശ്വാസമായി. ഞാൻ തിരിഞ്ഞുനോക്കി. അയാൾ എന്നെ നോക്കി പുഞ്ചിരിക്കുന്നു. എന്റെ പേഴ്സ് എനിക്ക് തന്നിട്ട് അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടെ തിരിഞ്ഞു നടന്നു. ഒരു നന്ദി വാക്കിനുപോലും കാതോർക്കാതെ അയാൾ എവിടേക്കോ പോയ് മറഞ്ഞു.

ഈ സമയം മറ്റെവിടെയോ ഇരുട്ടിന്റെ കരിമറയ്ക്കുള്ളിൽ കരിന്തേളുകൾ ഇരയ്ക്കെതിരെ വിഷം ചീറ്റിക്കൊണ്ടിരുന്നു.










Ameera Aliyar
Zs2

# A LOST FRIENDSHIP!

You were my friend then: now almost stranger !
Our friendship appeared once very glorious ;
What happened meantime, gives me great Anger ;
Our friendship no longer remains serious
Fool you were to be misled by others
Who drove a giant wedge' midst our friendship ;
Cutoff is our friendship, which me bothers ;
A nadir has come in our relationship
What years of intimacy have been lost ?
You have been foolish, very much on your part ;
Our friendship today is just but a ghost ;
Won't your eyes see the true in my heart ?
Dear friend however, you can't be my foe ;
I hope that our friendship, blossoms once more !



സി.ഐറിൻ
PS8

# കരളുറപ്പുള്ള കേരളം

മഴയെന്നും മലയാളികളുടെ മനസ്സിന് കുളിർമ്മയേകുന്നതായിരുന്നു. മഴക്കാലങ്ങളുടെ പാതിരാവിൽ, കറുത്ത കമ്പിളി പുതപ്പിനുള്ളിൽ പുതച്ചുമൂടി ഉറങ്ങി സ്വപ്നങ്ങളുടെ തോരാമഴയത്ത് നൃത്തം ചവിട്ടിയും, കുടച്ചാർത്തിലൂടെ ഒലിച്ചിറങ്ങുന്ന മഴവെള്ളം കൈവെള്ളയിൽ തട്ടിത്തെറിപ്പിച്ചും, മഴയുടെ ഈണത്തിൽ പടിവാതിലിൽ ചാരിനിന്ന് പകൽ കിനാവ് കണ്ടും, മലയാളി മഴക്കാലം ആസ്വദിച്ചിരുന്ന നാളുകൾ ഉണ്ടായിരുന്നു. കാലംമാറി, കഥമാറി, കാലാവസ്ഥ എങ്ങും മാറി. ഒരു പെരുമഴക്കാലം മലയാളിയുടെ മനസ്സിനേല്പിച്ചത് തീരാ നഷ്ടങ്ങളുടെ മുറിവാണ്. കരകവിഞ്ഞൊഴുകുന്ന അണക്കെട്ടുകളും, കുത്തിയൊലിച്ച് പാഞ്ഞുവരുന്ന പുഴകളും നിറഞ്ഞു കവിഞ്ഞ ജലസ്രോതസ്സുകളും. പ്രകൃതി സംഹാരതാണ്ഡവം ആടിയപ്പോൾ നാം തെല്ലൊന്നുമല്ല ഭയന്നത്. കാൽ ചുവട്ടിൽ നിന്നും നിമിഷങ്ങൾക്കുള്ളിൽ വെള്ളം ഉയർന്നുപൊങ്ങി സകലതും കവർന്നെടുത്തപ്പോൾ നാം നിസ്സഹായരായി നിന്നു. ചേർത്തുപിടിക്കാൻ ശ്രമിച്ചിട്ടും കൈവിരലുകൾക്കിടയിലൂടെ ചോർന്നുപോകുന്ന മണൽത്തരി പോലെ വെട്ടിപ്പിടിച്ചതൊക്കെയും വെള്ളം കവർന്നെടുത്ത അവസ്ഥ.

ശേഷം നടന്നത് മനുഷ്യമനസ്സിൽ നിന്ന് ഇനിയും പടിയിറങ്ങി പോയിട്ടില്ലാത്ത നന്മയുടെയും സ്നേഹത്തിന്റെയും പകർപ്പ്. കേരളമാകെ കൈകോർത്ത്, നഷ്ടപ്പെട്ടിടത്തുനിന്ന് തിരിച്ചുപിടിച്ചത് അനേകായിരം സ്വപ്നങ്ങൾ. സ്വന്തം ജീവനു വിലകൽപ്പിക്കാതെ അപരന്റെ ജീവനും ജീവിതത്തിനും വേണ്ടി പ്രകൃതിയോടു മല്ലിട്ടു തിരികെ നേടിയത് അനേകായിരം ജീവിതങ്ങളെ. ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണി ബല്ല്യ ഒന്ന് എന്ന് മലയാളത്തിന്റെ പ്രിയ കഥാകാരൻ ബഷീറിന്റെ കഥാപാത്രം പറഞ്ഞുവച്ചതു പോലെ, ഹൃദയങ്ങൾ ചേർത്തുവച്ച്, വലിയൊരു ഹൃദയം മെനഞ്ഞു അവിടെ വേദനിക്കുന്നവർക്ക് ഒരു വീട് ഒരുക്കി നാം. സ്നേഹത്തിന്റെ ഒരു അമ്മകിളി കൂട്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും സ്വന്തം ദേഹം അപരന് ചവിട്ടുപടിയാക്കിയ ജിൻസണും. അനേകം പേരറിയാത്ത സഹോദരങ്ങൾക്കും BIG SALUTE. കേരളം കരളുറപ്പുള്ള കേരളം എന്ന് ലോകത്തോട് നാം വിളിച്ചുപറഞ്ഞു.

മഴമാറി മാനം തെളിഞ്ഞു. മലയാളിയുടെ മനസ്സും മാറി എന്നു വേണം പറയാൻ. അതിജീവിച്ച പ്രളയദിനങ്ങളെക്കാൾ ഭയാനകമായിരുന്നു കാത്തിരുന്ന ദിനങ്ങൾ. പ്രളയക്കെടുതിയിൽ ഒഴുകിപ്പോയ ജാതി മതവർഗരാഷ്ട്രീയ ഭേദങ്ങൾ പത്തിരട്ടി ശക്തിയോടെ കുടിയേറിപ്പാർത്തു. രക്ഷിക്കാനായി കോർത്തു പിടിച്ച കരങ്ങൾ, മുഷ്ടിചുരുട്ടി അവകാശങ്ങൾക്കായി വായുവിൽ ഉയർന്നു താണു. ഒലിച്ചുപോകാത്തവയെങ്കിലും കൂട്ടി പിടിപ്പിക്കാൻ അർഹതപ്പെട്ടതു പോലും കിട്ടാനില്ലാതെ, പാവപ്പെട്ടവർ നട്ടംതിരിഞ്ഞു. കഷ്ടപ്പാടിൽ കോർത്തുപിടിച്ച കരങ്ങൾക്ക് ഇത്രവേഗം എന്തുപറ്റിയെന്ന് അതിശയം തോന്നി.

ഈ മഹാദുരന്തം മലയാളിക്ക് സമ്മാനിച്ച കഷ്ടനഷ്ടങ്ങളുടെ കണക്കെടുക്കുമ്പോൾ, അത് നമ്മെ പഠിപ്പിച്ച ഗുണങ്ങളുടെ കണക്കുകളും മനസ്സിൽ നിന്ന് മായാതിരിക്കട്ടെ. എന്റേതെന്നു ഞാൻ കരുതുന്നവയൊന്നും എനിക്ക് സ്വന്തമല്ല. അപരന്റെ കൈത്താങ്ങില്ലാതെ ചില സാഹചര്യങ്ങളിൽ ഞാൻ ഒന്നുമല്ല.

അടിക്കുറുപ്പ്:പ്രളയ ദിനങ്ങൾക്ക് ശേഷം വൈറൽ ആയ ഒരു ട്രോൾ ഇങ്ങനെ: മാനത്തേക്ക് നോക്കി ഒരു കുട്ടി ചോദിക്കുന്നു: മഴയെ ഒന്നുകൂടി വരുമോ. കേരളത്തിലുള്ളവർ വീണ്ടും തമ്മിൽതല്ലി തുടങ്ങി അവരെ ഒരുമിപ്പിക്കാനാ.

നമുക്ക് ഒരുമിക്കാൻ പ്രളയം തന്നെ വേണോ?










പൂജ സജീവൻ
PS4

# പുനർജന്മം

ദാഹിക്കുന്നു, ഞാൻ മരിക്കാൻ പോവുകയാണോ
അറിയില്ല, കൊടും വേനലിന്റെ തീച്ചൂളയിൽ
ഒരിറ്റു ദാഹജലത്തിനായി ഞാൻ വെമ്പുന്നു.
എന്റെ ഇലകൾ കൊഴിഞ്ഞുകൊണ്ടിരിക്കുന്നു
സ്വപ്നങ്ങൾ, പ്രതീക്ഷകൾ എല്ലാം ഒന്നൊന്നായി.....
സൂര്യൻ താഴേക്കിറങ്ങുകയാണ്
ഞാൻ മരിച്ചുകൊണ്ടിരിക്കുന്നു. അല്ല
മരിച്ചുകഴിഞ്ഞു.
ഇതേതു ലോകം, ഞാൻ സ്വർഗത്തിലാണോ
അല്ല, ഇത് ഭൂമിതന്നെ, ഞാൻ മരിച്ചില്ലേ?
ഇല്ല, ഇതെന്തത്ഭുതം ഭൂമിദേവി തന്റെ
മടിത്തട്ടിൽ എന്നെ ഒളിപ്പിച്ചിരിക്കുന്നു.
ഞാൻ സുരക്ഷിതയാണ്
എന്നിലെ ആത്മാവ് ഉറങ്ങുന്നു, ദീർഘമായ ഉറക്കം
ഒരു കുളിർകാറ്റ് എന്നെ വന്നു വിളിച്ചു.
കണ്ണുതുറന്നപ്പോ ഞാൻ ഞെട്ടി
ചുറ്റിനും പച്ചപ്പ്, എന്നിൽ തളിരിലകൾ
കാലങ്ങൾ വന്നുപോയത് ഞാൻ അറിഞ്ഞില്ല.
വേനൽ മാറി മഴ വന്നതും
സൂര്യന് മേഘങ്ങൾ താക്കീത് നൽകിയതും
ഞാൻ അറിഞ്ഞില്ല.
എന്റെ സ്വപ്നങ്ങൾ ഇനി തുടരാം
അതിജീവനത്തിന്റെ പാതയിൽ........





# She

Sourav Narayanan S.
MS2

She was my first teacher
Who taught me to speak
Who taught me to walk
She is the sun
Which brings up the entire world
And I call her 'Mother'
She was my second teacher
Who spends her time with me
Who shares her happiness and sadness
with me
She is the moon
Which brings up the night
And I call her my 'Sister'
She was my third teacher
Who teaches me everytime
Who fights with me everytime
She is the star
Which twinkle at everyone
And I call her my 'Friend'
She is my fourth teacher
Who taught me to solve problems
Who taught me to forget sadness
She is the tree
Which bring beauty to nature
And I call her my 'Wife'
Now, I am a teacher
Who teaches her to speak
Who teaches her to walk
And I call her my 'daughter'






ഒപ്പന 2nd A ഗ്രേഡ്



ക്വിസ് 1st A ഗ്രേഡ്



മാർഗംകളി 2nd A ഗ്രേഡ്



തിരുവാതിര 1st A ഗ്രേഡ്





മീനാക്ഷി സുരേഷ്
(ഭരതനാട്യം A ഗ്രേഡ്, കുച്ചുപ്പുടി A ഗ്രേഡ്)

# അലത്താളം വിജയികൾ

എം.ജി സർവ്വകലാശാല കലോത്സവം 2018-19


ശ്രീലക്ഷ്മി എ.എസ്.
ക്ലാസിക്കൽ മ്യൂസിക്
3rd A grade


സേതുനാഥ് പ്രഭാകരൻ
ക്ലാസിക്കൽ മ്യൂസിക്
A grade


റോമിസ് പി ടോം
ഹിന്ദി പദ്യംചൊല്ലൽ
3rd A grade


റിനിൽ ജോയ്
വിന്റ് ഇൻസ്ട്രുമെന്റ്
A grade


റെക്സിമോൾ മാത്യു
മലയാളം പ്രസംഗം
1st A grade


മീരാ രാജേഷ്
കഥകളി A grade,
കേരള നടനം A grade, മോഹിനിയാട്ടം 3rd


കൃഷ്ണനുണ്ണി
ഇംഗ്ലീഷ് ഷോർട്ട് സ്റ്റോറി റൈറ്റിംഗ്
1st A grade


ഐറിസ് എബ്രഹാം
മിമിക്രി
3 rd A grade


ഗ്രീഷ്മ മാത്യു
ഹിന്ദി പ്രസംഗം
3rd A grade


ജെ. ഗണേഷ് റാം
ഹിന്ദി പോയട്രി റൈറ്റിംഗ്
3rd A grade


ബിന്റോ ജോർജ്ജ് ബാബു
ലളിത ഗാനം
A grade


ജിയ ജോർജ്ജ്
മലയാളം പോയട്രി റൈറ്റിംഗ്
A grade


ആദിത്യൻ വിജയ്
നാടോടിനൃത്തം A grade
ഭരതനാട്യം A grade


റിന്റു റോബി
ലളിതഗാനം
A grade


നിമ്മി സ്റ്റീഫൻ
കഥാ പ്രസംഗം
A grade




എം.ജി. സർവ്വകലാശാല കലോത്സവ ലിറ്ററി ഇവന്റ്സ് ഓവറോൾ കിരീടം ന്യൂമാന്റെ മണ്ണിലെത്തിയപ്പോൾ












അലത്താളം



എം.ജി സർവ്വകലാശാല കലോത്സവ വേദികളിൽ കാഴ്ചക്കാരായി
രുന്ന ന്യൂമാൻ കലാലയം പടിപടിയായി പടർന്ന് കയറിയത് എറണാ
കുളം ജില്ലയിലെ കലാലയങ്ങൾ കുത്തകയായി വെച്ചിരുന്ന ആദ്യ
അഞ്ച് സ്ഥാനങ്ങളിലൊന്ന് സ്വന്തം പേരിലാക്കി കൊണ്ടായിരുന്നു.
ഒപ്പം നിന്ന വിദ്യാർത്ഥി സുഹൃത്തുക്കൾക്കും, കലാകാരന്മാർക്കും,
അധ്യാപകർക്കും, ഹൃദയത്തിൽ നിന്നും ഒരായിരം നന്ദി...

കലാലയ യൂണിയൻ 2018-19

## Newman T 20 2018-19



Newman College Team ( Champions)










M.A. College Kothamangalam( Runners Up)






Weight lifting Team MG University First Runnerup



Power lifting Team MG University Champion Team



National Arm Wrestling Gold, Silver Jr. Mr. India Top 5, Mr. Kerala 2018 Silver, Mr. MG University Tittle Runner Up, Mr. Idukki


Jiss Mathew

Kerala State Taekwondo Kyorungi and Poomsae Championship Silver Medal. Inter Collegiate Taekwondo Championship Bronze Medal



Roice Roy





# നാൽക്കാലി

അജ്മൽ വി.എം.
KOS2

ലജ്ജിച്ച് പോകുമെൻ നാടിനെ-
യോർത്തു ഞാൻ ദുഃഖിച്ചു
തലതാഴത്തി നാൽക്കാലിയെപ്പോൽ
മധുനുകരും പുഷ്പമേ നീ തേൻ
നുകർന്നനേരം വാളെടുത്തരിഞ്ഞവർ
നിൻ തലയോട്ടി പോലും പിളർത്തിയില്ലേ
പ്രണയമേ പ്രണയമേ
പ്രണയത്താലേറെ കാമം കണ്ടു നിൻ
പ്രണയത്തിൽ പവിത്രത നശിച്ചില്ലേ
സത്യമേ സത്യമേ
നീ പൊരുതി തോറ്റപ്പോൾ
നിന്നെ നോക്കി പുഞ്ചിരി തൂവാൻ
ആരുണ്ടിവിടെ
ദൈവമേ ദൈവമേ
നിന്നണയത്ത് പിടഞ്ഞൊരു ജീവന്റെ
മുമ്പിൽ നീ നിസ്സഹായനായി നിന്നില്ലേ!
ഒടുവിൽ ഒരുനാൾ ദേശമേ
നീ ദേഷ്യഭാവമണിഞ്ഞപ്പോൾ
തല താഴ്ത്തി നിന്നൊരു സമൂഹത്തെ
നീ തല ഉയർത്തി നിർത്തിയില്ലേ
അന്നു നിനക്കു നീയെന്നോ
ഞാനെന്നോ ഇല്ല
നമുക്കെന്നും നാം മാത്രമായി
തീർന്നില്ലേ കാലമേ
ഉയരണം ഉയരണം
ദൈവത്തേക്കാൾ മേൽ
താഴരുത് താഴരുത്
നാൽക്കാലിയേക്കാൾ താഴെ!



മേഘ ദാസ്
KOS4

# സ്ത്രീ ശക്തീകരണം

നാരികൾ പൂജിക്കപ്പെടുന്നിടത്ത് ദേവതകൾ പ്രസാദിക്കുമെന്ന് വിശ്വസിച്ച നാടാണ് ഭാരതം. എന്നാൽ പ്രവൃത്തിയിൽ അന്നും ഇന്നും സ്ത്രീകൾ അവഗണനയ്ക്കും അടിച്ചമർത്തലിനും വിധേയരാവുകയാണ്. സ്ത്രീ ശക്തീകരണം എന്നത് വെറും വാക്കുകളിൽ മാത്രം ഒതുങ്ങിപ്പോകുന്നു. സ്ത്രീ ശാക്തീകരണം എന്നത് വെറും വാക്കുകളിൽ പോലും പല സമുദായങ്ങളുടേയും ദേവാലയങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനമില്ല. അതുകൊണ്ടു തന്നെയാണ് വനിതാമതിൽ പോലുള്ള നവോത്ഥാന മൂല്യങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ ഉയർത്തിപ്പിടിക്കേണ്ടി വരുന്നത്. സ്ത്രീയുടെ മഹത്ത്വം മനസിലാക്കാനോ തുല്യസ്ഥാനം നൽകുവാനോ മനുഷ്യർ തയ്യാറാകുന്നില്ല.

എന്നാൽ ആധുനിക ലോകത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ചരിത്രത്തോടൊപ്പം നടന്നവരും ചരിത്രത്തിനു മുമ്പേ നടന്നതുമായ ഒരുപാട് സ്ത്രീകളെ നമുക്ക് കാണാൻ സാധിക്കും. ഭാരതത്തിന്റെ പ്രധാനമന്ത്രിയായി നിരവധിക്കാലം സേവനമനുഷ്ഠിച്ച ഇന്ദിരാഗാന്ധി ലോകം തന്നെ ആദരിച്ച വ്യക്തിത്വത്തിനുടമയായിരുന്നു. അതുപോലെ തന്നെ സ്വാതന്ത്ര്യസമരത്തിൽ സധീരം പങ്കെടുത്ത ഝാൻസിറാണിയും സ്ത്രീയുടെ ശക്തി തെളിയിച്ച കഥാപാത്രമാണ്. സാഹിത്യം, ചരിത്രം, രാഷ്ട്രീയം തുടങ്ങി എല്ലാ മേഖലയിലും സ്ത്രീത്വത്തിന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. എങ്കിൽപോലും ബഹുഭൂരിപക്ഷം വരുന്ന സ്ത്രീകൾ ഇന്നും തന്റെ വ്യക്തിത്വം സ്ഥാപിച്ചെടുക്കാൻ സാധിക്കാത്തവരും അടുക്കളയാവുന്ന നാല് വിലങ്ങുകൾ തകർത്ത് മതിയായ വിദ്യാഭ്യാസമോ സ്വയം പര്യാപ്തതയോ നേടാൻ അവർക്ക് കഴിയുന്നില്ല. സ്ത്രീ ശക്തീകരണത്തിലൂടെ മാത്രമേ ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാകൂ.

അതുകൊണ്ട് തന്നെ സംവരണമല്ല സമത്വമാണ് ഞങ്ങൾക്ക് വേണ്ടതെന്ന് ശക്തിയായി വാദിക്കാൻ നമ്മൾ സ്ത്രീകൾക്ക് കഴിയണം. സ്ത്രീകൾ തന്നെ വേണം അതിന് മുൻകൈ എടുത്ത് പ്രവർത്തിക്കാൻ അറിവിലൂടെയും വിദ്യാഭ്യാസത്തിലൂടെയും മാത്രമേ ഈ സമത്വം നമുക്ക് നേടിയെടുക്കാൻ സാധിക്കൂ. അതുകൊണ്ട് തന്നെ വിദ്യാഭ്യാസവും അറിവും നേടുന്നതിനായി ഓരോ സ്ത്രീയും പരിശ്രമിക്കുക.

"വിദ്യകൊണ്ട് പ്രബുദ്ധരാകുക" എന്ന ശ്രീനാരായണ ഗുരുദേവന്റെ സൂക്തമാകട്ടെ നമ്മുടെ ഏവരുടെയും മുദ്രാവാക്യം.









വർഷ രാജൻ
KOS4

# മൗനഗീതം

തിരശീലയാൽ നിറഞ്ഞൊഴുകുമീ നാദം
തൻ ചിറകാൽ ഒഴിഞ്ഞീടുമീ
കാലങ്ങൾ താണ്ടിടാൻ നിറമാർന്ന ചിന്തയാൽ
മനസ്സിനാൽ, മുക്തവൃന്ദാവനത്താൽ
അരികിലെത്തുമെൻ ചിന്തതൻ
മാധുര്യം, ഒഴിഞ്ഞീടുന്നീ ഇതളാൽ
നിറമാർന്ന വേദന തൻ
രചിച്ചിടാം നിന്നിലൂടിനിയും
കുരുക്കുമെൻ ആത്മദാഹം
അഴകാം പറക്കുമീ പക്ഷിതൻ
ചിറകിൽ രചിച്ചിടാം ശോഭതൻ തേരിൽ
ഇനിയില്ല നിൻ മൗനം
ഇനിയില്ല നിൻ ദാഹം
അർത്ഥവൃത്തമായ് ഇന്നു
കാലടി പൂവിരിയുമെന്നും
ഹൃത്താൽ രചിച്ചിടാം നിൻ മൗനഗീതം





# Chemicals in food

**YADHU KRISHNA**
CS4

Chemistry has helped the modern world in various ways. One such important contribution has been the advent of chemicals in our day to day food. Actually, there are three main functions that chemicals perform when they are added to food.

- They help to preserve the food. Most of the processed food we find in market have a shelf life varying between a few months to even a few years. This is only possible because we add chemicals to these food as preservatives.
- Sometimes chemicals can be added to food to improve their physical appearance. Certain chemicals boost the appeal and make them more attractive to consumers. They serve a purely cosmetic purpose.
- And ofcourse, chemicals can also add nutritional value to foods.

Chemicals in food are known as additives. They are many types of additives. We use currently that are considered safe for human consumption. But not all these are considered healthy. Here are few chemicals we use in food.

- Food colours
- Artificial sweeteners
- Artificial flavors
- Stabilizing agents
- Preservatives
- Supplements
- Trans ferts

## ARTIFICIAL SWEETENERS

Normally we add sugar to sweeten any foods





or drinks. Sugar as we know is sucrose. That is, C12H22O11. Sucrose is a natural sweeteners are obtain from natural resources like cane sugar. However, sucrose has a high caloric value and is considered unhealthy in high classes.

Thus we used chemistry to come up with alternatives, ie., artificial sweeteners. There are actually a few chemical we use as artificial sweeteners.

## SACCHARINE

This is the first sweetener that was over invented. Saccharine's chemical formula is C7 H5NO3 S. This is very strong artificial sweetener. It has zero nutritional value, and no calories as well. Saccharine is five hundred times sweeter than cane sugar.

It was initially considered harmless to human, and diabetics were encouraged to consume it in place of sucrose. However, in the 1970's there were studies that indicated that saccharine may cause cancerous tumours. The studies were later discredited, but the debate still continues.

## ASPARTAME

Another type of artificial sweetener is aspartame with the chemical formula C14 H18 N2O5. It is a methyl ester of phenylalanine dipeptide or aspurtic acid. It is roughly two hundred times sweeter than sugar, so we use it in very small quantities, making its caloric count almostzero.

One problem with aspartame is that it is not a stable compound. Hence it cannot be heated or used for cooking purposes. So it is mainly used in drinks and cold foods. The health effects of aspartame are also still up for debate.

## SUCRALOSE

Sucralose is the most recent sugar substitute invented by us. It is a trichloro derivative of sugar, i.e. sucrose. The chemical formula is C12 H19 Cl3 O8. Sucralose is almost twice as sweet as saccharides and about 320 - 1000 times sweeter than cane sugar. One property of sucralose is that it does not break down in our blood stream. This means it is non caloric. Also since it is a stable compound, it can be used in cooking, baking and in products that need a longer shelf life.

Sucralose is generally mixed with some bulking agents. The ones most commonly used are maltodextrin and dextrose. The major advantage sucralose has over other substitutes is that its appearance, as well as its taste is very similar to natural sugar.

## FOOD PRESERVATIVES

Food will get spoilt after a time due to the growth of microbes and other micro organisms. This spoilage of food can be controlled and delayed by using food preservatives such as salt ( NaCl), sugar and some oils like vegetable oil.

However, sometimes chemical food preservatives must be used to increase the shelf life of the food. Especially packaged food that is sometimes consumed weeks and months after it is prepared. In fact, one of the largest uses of chemicals in food is that as a food preservative.

The most common chemical is sodium benzoate. The molecular formula of sodium benzoat is C7 H5 NaO2. It is a salt of benzoic acid and the resulting product of the reaction between sodium hydroxide and benzoic acid. Sodium benzoate is a particularly effective preservative for acidic foods. It inhibits the growth of microbes that cause food spoilage.

Other nitrates (for example sodium nitrate ) and sulphites ( like sodium sulphite) are also effective food preservatives. Like all chemicals in food, in small quantities they are harmless. But in large quantities they can have ill effects on human health.

*Question: Which of the following is a high potency artificial sweetener?*

A. Sucrose
B. Sodium benzoate
C. Alitame
D. None of the above

Answer: The correct answer is C. Alitame, C14H25N3O45. It is almost 2000 times sweeter than sugar. It is stable at room temperature, but not as Saccharine or Sucralose at high temperatures.



ആൽഫിയ ബഷീർ
KOS4

# മഴ

എൻ അകതാരിലായ് ആനന്ദമേകുവാൻ
മണ്ണിലേക്കീ മഴ പെയ്തിറങ്ങി
ഒരു കുഞ്ഞുപൂവിനും ആഹ്ലാദമേകുവാൻ
മാനത്തു നിന്നും പെയ്തിറങ്ങി...
മഴയുടെ തന്ത്രികൾ മീട്ടിനിന്നാകാശം
മധുരമായി ആർദ്രമായി പാടി...
വിടരാതെ വിരിയാതെ മുറ്റത്തുനിന്നൊരാ
നറുമുല്ലമൊട്ടിനും സന്തോഷമായ്...
മഴനിൻ ഓളത്തിൽ തുള്ളുവാനായെന്നും
വെമ്പിടുന്നു എന്റെ കുഞ്ഞു നെഞ്ചം
അമ്മതൻ ചൂരൽപ്രയോഗത്തെ ഓർത്തെന്റെ
നെഞ്ചിലെ മോഹങ്ങൾ തേങ്ങിടുന്നു...

ഭൂമിയിൽ നീയെത്തും നാളിതിലെല്ലാർക്കും
ആനന്ദം ആനന്ദം തന്നെയല്ലോ
തുള്ളിത്തുള്ളി നീ പോരുന്ന നേരത്തും
എന്നുടെ നെഞ്ചകം കുളിരുമല്ലോ...
ഭൂമിയിൽ സ്നേഹത്തിൻ സ്പർശമായ് പൊഴിയൂ നീ
മൃദുമന്ദഹാസമായ് നീ പോവുക
പേമാരിയായ് പെയ്തെൻ ശ്വാസമെടുക്കരുതൊ-
രുജീവഹർഷമായ് വിടരുക നീ
നിന്നെയും നെഞ്ചേറ്റി നടക്കുന്നു മഴയേ
നീ കുളിരായ് പൊഴിയുവാൻ കാത്തിരിപ്പൂ...
നാളുകളേറെ കൊഴിഞ്ഞാലും മഴയേ
നിൻ ഓർമകൾ മായാതെ എൻ നെഞ്ചിതിൽ...








Annmary Joseph
ES4

# MOM

You filled my days with rainbow lights
Fairytales and sweet dream right,
A kiss to wipe away my tears
Gingerbread to ease my fears
You gave the gift of life to me
And then in love, you set me free.
I think you for your tender care,
for deep warm hugs and being their,
I hope that when you think of me,
A part of you, you will always see.



# ആർത്തവത്തുണി

സത്യമോൾ കെ.എസ്.
MLS4

ചുവരുകൾ തകർത്ത്
ചുവന്നകറയുള്ള ആർത്തവത്തുണി
പുറത്തുവരുന്നു
ചുവപ്പല്ലത്
നിറംകെട്ട ലോകത്തിൽ പടർന്ന
വിശുദ്ധിയുടെ അടയാളം
നീ അതിനെ
ദ്രവിച്ച വിറകുകൊണ്ട് തോണ്ടി
കുപ്പയിലിടുന്നു
നിന്റെയും എന്റെയും പിറവിയെ
ഓർക്കാതെ

ഭോഗത്തിനായി നീ കൊതിക്കുമ്പോൾ
എന്റെ ശരീരത്തെ ചുവപ്പു കണ്ട്
നീ എന്നെത്തന്നെയും വെറുക്കുന്നു
ലോകത്തിന്റെ ചുവപ്പ് മങ്ങി മങ്ങി
വെള്ളത്തുണിയാകുന്നു
വിശുദ്ധിയുടെ ചുവപ്പ് കഴുകിക്കളഞ്ഞ്
നിറംകെട്ട ലോകത്തെ
ഞാനും യാന്ത്രികമായി
അഴയിൽ വിരിയ്ക്കുന്നു
അതുകണ്ട് നീയും നിന്റെ
ദൈവങ്ങളും ചിരിക്കുന്നു.






COLLEGE THODUPUZHA
DAY 2K19
തരംഗം College Day 2018-19

COLLEGE

COLLEGE DAY 2K19









X'mas Celebration 2018







GUARD OF HONOUR TO GOVERNOR OF JUSTICE P SADASIVAM



S/UO SANDRA SEBASTIAN (RDC DELHI -2019)



U/O ASHIK NIZAR (TSC DELHI-2018)



BAND RECEPTION TO BRIGADIER SUNIL KUMAR N.V.



NCC 2018-19

## NSS 2018-19



ബാബുരാജ് കെ.എം.
നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്
വാരണാസി, യു.പി.














ബിസ്മി നിസാർ
ELS 6

# ഒരു ഡയറി


20.10.3020
ശനി

പതിവുപോലെ കണ്ണ് തുറന്നു. സിലിണ്ടർ നോക്കി കാൽ ഭാഗത്തോളം ഇനിയും ബാക്കി ഉണ്ടായിരുന്നു. ഒരു ഗുളികയും കൂടെ പൊടിച്ചിട്ടു. കമ്പനി മാറിയതുകൊണ്ടാണെന്നു തോന്നുന്നു. ഗുളികയ്ക്ക് ഒരു സുഖമില്ല വലിച്ചെടുക്കുന്ന ശ്വാസം ഉള്ളിലേക്ക് എത്തുന്നില്ലാത്തതുപോലെ. പതിവുപോലെ ജനാലക്കരികിൽ നിന്നും പുറത്തേക്ക് നോക്കി. നടക്കുന്നവരും നന്നേ കുറവായിരുന്നു. പറക്കുന്നവരെല്ലാം പരസ്പരം കൂട്ടിയിടിക്കാതിരിക്കാൻ നന്നേ പാടുപെട്ടിരുന്നു. ഇന്നലെ ശാസ്ത്രജ്ഞന്മാർ പെയ്യിച്ച മഴ അത്ര പോരായിരുന്നു. എന്നാലും കഴിഞ്ഞ ആഴ്ചത്തേതിനേക്കാൾ ഭേദപ്പെട്ടിരുന്നു. ഇനി അടുത്ത ആഴ്ച അത് എന്താവുമോ എന്തോ. രാവിലെ പതിവുപോലെ ആഹാരം. ദോശയുടെയും ചമ്മന്തിയുടെയും ഓരോ ഗുളികകൾ വീതം കഴിച്ചു. പ്രത്യേകിച്ച് ജോലി ഒന്നും ചെയ്യാനില്ലാത്തതിനാൽ ഒന്ന് പുറത്തിറങ്ങി. എവിടേക്ക് പോകണം എന്നൊരു ചിന്ത എന്നിലുണ്ടായിരുന്നില്ല. 3 ഓക്സിജൻ ഗുളികകൾ പൊട്ടിച്ച് സിലിണ്ടറിൽ ഇട്ടതിന് ശേഷം യന്ത്രം എടുത്ത് പറന്നു. 350 കി.മീ. 350 സെക്കന്റുകൾക്കുള്ളിൽ എത്തി. അവധി ദിവസം ആയതിനാൽ തിരക്ക് കൂടുതൽ ആയിരുന്നു. ക്യൂവിൽ നിന്ന് ഞാനും മുന്നിലെത്തി. ലോകത്ത് അവശേഷിക്കുന്ന പടർന്ന് പന്തലിച്ച ഒരേ ഒരു മരത്തിന് കീഴേ ഓക്സിജൻ സിലിണ്ടർ ഇല്ലാതെ ഒരു നിമിഷം ഞാനിരുന്നു. വെറുതെ ഒന്നു കണ്ണടച്ചപ്പോൾ അപ്പൂപ്പൻ പറയുകയുണ്ടായി അങ്ങേരുടെ ചെറുപ്പകാലത്ത് ഇതുപോലുള്ള ധാരാളം മരങ്ങൾ വഴിയിൽ ഉടനീളം ഉണ്ടായിരുന്നുവെന്ന്. പെട്ടെന്ന് എന്റെ ശ്വാസം നിലക്കുന്നതുപോലെ തോന്നി. സിലി

ണ്ടർ ഫിറ്റ് ചെയ്തു. ആശ്വാസം. അങ്ങേരുടെ അപ്പൻ അപ്പൂപ്പന്മാരൊക്കെ ഈ കുന്ത്രാണ്ടത്തിന്റെ സഹായമില്ലാതെയാണത്രേ ജീവിച്ചിരുന്നത്? നുണയായിരുന്നെങ്കിലും കേൾക്കാൻ സുഖമുണ്ടായിരുന്നു. സിലിണ്ടറിനെ കൂടാതെ ജീവിക്കാൻ കഴിയുകയോ?

അവിടെ നിന്നും ഇറങ്ങി പറക്കുന്നതിനിടയിൽ പലതരം വാർത്തകൾ കേട്ടു. ചന്ദ്രനിൽ കപ്പൽ നിർമ്മാണ തൊഴിലാളികളുടെ സമരമത്രെ. സൂര്യനെക്കുറിച്ച് പഠിക്കാൻ പോയ ആളുകൾ അവിടെ തന്നെ സ്ഥിരതാമസമാക്കിയ കാര്യവും ശ്രദ്ധയിൽപ്പെട്ടു. 9 ഗ്രഹങ്ങളിലും ആൾതാമസമുണ്ടെങ്കിലും സുഖം ഈ ഭൂമി തന്നെ. വീട്ടിലെത്തി ഊണിന്റെയും ചായയുടെയും ഗുളികകൾ ഒരുമിച്ച് വിഴുങ്ങി. സിലിണ്ടർ ഒന്നുകൂടി നിറച്ചതിനുശേഷം ഒന്നു മയങ്ങി. സന്ധ്യയായി. അവധി ദിവസം ആയതിനാൽ രാത്രി സൂര്യനെ സർക്കാർ ഇറക്കിയില്ല. വിനോദസഞ്ചാര മേഖലയായി ചന്ദ്രനെ മാറ്റിയ അന്ന് മുതൽ ആണ് രാത്രി എന്ന ഇരുട്ട് ഇല്ലാതായതെന്നാണ് അച്ഛൻ പറഞ്ഞിട്ടുള്ളത്. അല്ലെങ്കിൽ ഇപ്പോൾ എന്തിനാണ് ഇരുട്ട്. എന്തിനാണ് രാത്രി. 10 മണിക്കൂർ നീണ്ട ഉറക്കക്ഷീണം 10 മിനിറ്റിൽ തീർക്കാവുന്ന യന്ത്രത്തിന് സബ്സിഡി വന്നാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. സങ്കൽപ്പിക്കാൻ പോലും കഴിയാത്ത പ്രതിഭാസമല്ലേ ഈ ഇരുട്ട്. അത് എടുത്ത് കളയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒരു കണക്കിന് അത് എന്തൊരു നഷ്ടമാണ്. സമയത്തിന്റെ ഷിഫ്റ്റ് മാറി വർക്ക് ചെയ്യാൻ സൂര്യനുള്ളപ്പോൾ എന്തിന് നമ്മൾ സമയം നഷ്ടമാക്കണം.

ഓക്സിജൻ ഗുളികകൾ പഴയപോലെയല്ല സിലിണ്ടറുകൾ വളരെ വേഗം കാലിയാകുന്നു. വില കൂടുന്നതിനോടൊപ്പം ഇവർ മായവും കൂട്ടുന്നു. എന്ത് നിർബന്ധം? ജീവിക്കണമെങ്കിൽ, അങ്ങനെയെങ്കിൽ മാത്രം മതി. വളരെ വൈകാതെ വ്യാഴത്തിലേക്ക് ഞാനൊരു ട്രാൻസ്ഫർ പ്രതീക്ഷിക്കുന്നു. പോകാൻ ഇഷ്ടമുണ്ടായിട്ടല്ല, എത്ര കാലമെന്ന് വച്ചാ കുടുംബത്തെ പിരിഞ്ഞിരിക്കുന്നത്. രാത്രി പതിവ് ഭക്ഷണത്തിന് ശേഷം ഉറങ്ങാൻ കിടന്നു. മറ്റൊരു അവധി ദിവസത്തിന്റെ ആലസ്യത്തിലേക്ക്...









Tigin Toise
KCS6

# ബാല്യം

എവിടെയോ കണ്ടു എൻ കവി ഹൃദയത്തെ
തേങ്ങുന്നു മനസ്സിനാൽ
പറയാൻ വിതുമ്പുന്ന മനസ്സിൽ നിരാശ
ഓർത്തീടിൻ നല്ല ബാല്യത്തെ
വിജനമാം വീഥിയിൽ തനിച്ചിരുന്നു
ആരെയോ തേടുന്ന പോലെൻ ഹൃദയം
കളകളമൊഴുകുന്ന നദീതടങ്ങൾ
മൃദുലമാം ശബ്ദവും
കിളികൾ തൻ മധുരമാം ഗാനവും
പൂക്കൾതൻ സൗരഭ്യം നിറഞ്ഞ പൂങ്കാവനവും
എൻ മനസ്സിനെയാകെ തലോടുന്നുവെങ്കിലും
എന്തിനെച്ചൊല്ലി തേങ്ങുന്നുവെൻ ഹൃദയം
അങ്ങകലെ കാണുമെൻ ബിംബത്തെ
അവൾതൻ നേത്രം പൊഴിക്കുന്നു തുഷാരരേണുക്കൾ
മഴത്തുള്ളിപോൽ ഇറ്റിറ്റു വീഴുന്നെൻ കണ്ണുനീർ
നാണിച്ചീടുന്നേൻ കൈത്തടങ്ങൾ
പോയ്മറഞ്ഞ നിമിഷങ്ങൾ ഒരു കനൽപോലെ മനസിലേറി
പോകുന്നു ഞാനെൻ നല്ല ബാല്യത്തെ
ഓർമ്മിക്കുന്നു ആ ദിനങ്ങൾ പിന്നെയും ജീവിക്കാൻ





Thanveer Salim
KS4

# Negative


I have been Travell'n in my mind
To gather all I can...
so deeply in my soul...
I found myself so hurt...
striving so so hard, to lift me off that bane
opening up my heart...I found...
the whole nasty world is against me...
but I dont give a damn...
right or wrong? yeah, now I see
being right is wrong and i know
reality drives me so...
and now I am wandering for a space
where I could spread my wings for so long...
taking all my dreams up there
and to fly free from the dawn to dusk...
but I couldn't make it there...
cause the nasty reality drives me so...





# തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ആവശ്യകത

## വിദ്യാഭ്യാസം എന്നാൽ നല്ലവണ്ണം ജീവിക്കാൻ പഠിക്കലാണ്




അൽത്താഫ് പി.എ
MS2

**"പട്ടിണിയായ മനുഷ്യാ നീ
പുസ്തകം കൈയ്യിലെടുത്തോളൂ
പുത്തനൊരായുധമാണു നിനക്കതു
പുസ്തകം കൈയ്യിലെടുത്തോളൂ."**

ഇന്ന് നമ്മളെല്ലാവരും പരീക്ഷയ്ക്ക് വേണ്ടി മാത്രം പഠിക്കുന്നു. അതായത് IAS, IPS, MBBS, Engineering എന്നിങ്ങനെ എത്രപേർക്ക് അത് പ്രാപ്യമാകും. അപ്പോൾ നാം എന്തു ചെയ്യണം? നമ്മൾ പഠിക്കുമ്പോൾ തന്നെ എന്തെങ്കിലും തൊഴിലും കൂടി പഠിക്കേണ്ടിയിരിക്കുന്നു. അപ്പോൾ നാം ചിന്തിക്കേണ്ടത് പരീക്ഷ പാസ്സായി വൈറ്റ് കോളർ ജോലി അന്വേഷകർ മാത്രമാകാതെ സ്വയം തൊഴിൽ കണ്ടെത്താനും ശ്രമിക്കണം. അങ്ങനെ വരുമ്പോൾ നമ്മുടെ വിദ്യാഭ്യാസ കാലത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അത്യന്താപേഷിതമാണ്. ഉദാഹരണമായി വിദേശരാജ്യങ്ങളിൽ വിദ്യാഭ്യാസ കാലത്ത് തന്നെ സ്വയം തൊഴിൽ ചെയ്തുകൊണ്ട് തന്റെ വിദ്യാഭ്യാസത്തിനുള്ള ചെലവ് സ്വന്തം വഹിക്കുന്നു. ഇവിടെ നാം ചിന്തിക്കേണ്ടത് ഏത് തൊഴിലും മഹത്തരമാണെന്നതാണ്. ഇന്ന് കാർഷികമേഖലയിൽ ഒരുപാട് തൊഴിൽ സാദ്ധ്യതകളുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനം ഉപഭോക്തൃ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു. ആന്ധ്രയിൽ കൃഷി നശിച്ചാൽ (നെല്ല്) നാം പട്ടിണിയാകുന്നു. തമിഴ്നാട്ടിൽ വെള്ളപ്പൊക്കം വന്നാൽ നാം പച്ചക്കറിക്ക് വലിയ വില കൊടുക്കേണ്ടിവരുന്നു. അതായത് അഗ്രികൾച്ചർ ഒരു ദേശത്തിന്റെ സംസ്ക്കാരമാണ്. എന്ത് കാര്യത്തിനും നമ്മുടേതായ ഒരു സംഭാവന ആവശ്യമാണെന്ന് ഉറച്ച് വിശ്വസിക്കുന്നു.

നമുക്കൊരു വികസിത കാഴ്ചപ്പാട് ആവശ്യമാണ്. ഒരു പരിധിവരെ പ്രകൃതിയെ ചൂഷണം ചെയ്യാത്ത വികസനമാണ് നാം ലക്ഷ്യമിടേണ്ടത്. 100 പേർക്ക് ജോലി ലഭിക്കുമെന്ന് കരുതി, ഏക്കർ കണക്കിന് കൃഷിഭൂമി നശിപ്പിച്ചുകൊണ്ട് ഒരു ഫാക്ടറി വരുന്നതിനോട് നമുക്ക് യോജിക്കാൻ കഴിയില്ല. ഇന്ന് ടൂറിസം മേഖലയിൽ ഒരുപാട് തൊഴിൽ സാദ്ധ്യതകളുണ്ട്. പഠനകാലത്ത് നാം അത് ശ്രദ്ധിക്കാതെ പോകുന്നു. നാം ഒരു തിരിച്ചറിവിന്റെ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. അതിനുദാഹരണമാണ് കഴിഞ്ഞകാല പ്രളയം. അന്ന് നമ്മൾ ജാതി മത രാഷ്ട്രീയ ഭേദമന്യേ ഒന്നായി പ്രളയം കഴിഞ്ഞപ്പോൾ അത് നമുക്ക് നിലനിർത്താനായില്ലയെന്ന കാര്യം ഖേദത്തോടെ പറയട്ടെ. നാം നമ്മുടെ പ്രതിഫലത്തെക്കുറിച്ച് മാത്രം ചിന്തിക്കാതെ സമൂഹത്തിൽ നാം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും നാം ബോധവാന്മാരാകണം.





Babina Shajahan
BS4

# FATE


Oh my fate!
Where are you from?
Are you mr bestice or enemy
I know
You are my headline on my head.
Oh my fate!
My life is on your hand,
And you are changing my way.
Oh my fate!
You give me some happiness,
And some sadness to my life.
Oh my fate!
You give me brightness and
Darkness to my life
Say thou fate,
Are you my bestie or enemy
I know,
You are my way leading Fate



ന്യൂമാൻ കോളേജ് മാഗസിൻ 2018-2019



നിഷാന കരീം
MS2



# കലാലയം

ഇളം തെന്നലിൻ നൈർമല്യത്തെ
ഞാനിഷ്ടപ്പെടുന്നു...
തണുത്തത മഞ്ഞിൻ കുളിരും
ഈറൻ സന്ധ്യതൻ ചുവപ്പും
കോരിച്ചൊരിയുന്ന മഴയും
ഞാനെന്നുമിഷ്ടപ്പെടുന്നു.
സ്നേഹ വിസ്മയം തുളുമ്പുന്ന അച്ഛനമ്മമാർ
അറിവിൻ നിറകുടങ്ങളായ ഗുരുക്കന്മാർ
സന്തോഷങ്ങളിലും ദുഃഖങ്ങളിലും
താങ്ങായി... തണലായി മാറിയ പ്രിയ സ്നേഹിതർ
ഇവയെല്ലാം എനിക്കെന്നുമിഷ്ടം
എന്നെ ഞാനാക്കിയ കണ്ണീരിൻ നനവുള്ള
സ്നേഹത്തിൻ ഗന്ധമുള്ള
ഇണക്കങ്ങളും പിണക്കങ്ങളും മാറിയെത്തുന്ന
ഋതുക്കളെ പോലെയുള്ള എൻ കൂട്ടുകാരെ,
വച്ചു നീട്ടിയ ഈ കലാലയമെന്നും
എനിക്കതിലേറെയിഷ്ടം
തിരിച്ചു വരാനാകുമെന്ന പ്രതീക്ഷയിൽ
ഇളം നോവിന്റെ
സുഖം ബാക്കിവെച്ച് പടിയിറങ്ങുന്ന എൻ പ്രിയ
കലാലയത്തിനായി...



ആതിര പി അജിത്ത്
CS8

# ഓർമ്മയിൽ ഒരാൾ

വെയിൽപ്പക്ഷി തൂവൽ കൊഴിച്ചിട്ടതാ
മരച്ചില്ല മൗലിയിലേന്തിയ മൂവന്തിയും
വെൺനിറമാർന്ന ചെറു ചെമ്പകപ്പൂക്കൾ
മൺ നിറഞ്ഞൊരീ പാതയോരത്തു കൊഴിയവേ
കൊയ്ത്തു കഴിഞ്ഞയാകാശ വയലിൽ
പൊൻകതിർ മേഘക്കറ്റകളടുക്കുന്ന പകലും
ചേർത്തു നെയ്ത പുലരിക്കതിർ നൂലുകളാൽ
കോർത്തെടുത്ത വൈര മഞ്ഞു മുത്തുകളിൽ
സപ്തവർണ്ണ ശോഭ കണ്ടു കൊതി തീർന്നിടാ
ത്തൊരെന്റെ ബാല്യകാല ഗ്രാമദൃശ്യം.
പച്ചിലത്തുമ്പിലൂടെയൊഴുകിയാ മണ്ണിൽ
അലിഞ്ഞ മഴത്തുള്ളി പോൽ
പുസ്തക കെട്ടുമടുക്കിപ്പിടിച്ചു ഞാൻ
പടി കടന്നെത്തിയ വിദ്യാലയം.
ഒരു പൂവിൻ ഗന്ധമൊരു മാരിവിൽച്ചോലലൊ
രുമയിൽപ്പീലി തൻ ഗോപ്യകാന്തി
നിറമിഴിയിലൊളിപ്പിച്ചു  കൊണ്ടൊരാൾ
സ്മൃതികളിലേക്കായൊതുങ്ങിയകന്നൊരാ
മഴ ചാറും സന്ധ്യാ നേരം
ആകാശക്കോവിൽ മുറ്റത്ത് നിലാപ്പന്തൽ
താരകത്തീവെട്ടി മിന്നിയണയും
രാവിന്നലസമാം ലാസ്യഭംഗി
കേവഞ്ചി കേറി ഞാനകന്നിട്ടുമീ
നീയുമീപ്പൊൽത്തോണിയെന്നെയും
കൊണ്ടീത്തീരമടുക്കില്ലെന്നറിവുകിലും
ഇന്നും വ്രതം നോറ്റിരിക്കയായിരുന്നോ
നീ യൗവ്വനം മാറാത്ത ഗ്രാമ കന്യേ.








ശ്രീലക്ഷ്മി സിൽജു
MLS4

# സ്നേഹപാലാഴി



അമ്മേ നിന്റെ നെഞ്ചിലെ ചൂടേറ്റുറങ്ങുമ്പോൾ
പലതും ഞാൻ മറന്നുപോകുന്നു.
നിന്നോളം ഞാനും വലുതായ കാര്യം പോലും
പ്രണയത്തിന്റെ ചുവപ്പുനിറം
ഞാൻ കാണാതെ ഒളിപ്പിച്ച
കലാലയമല്ല
സൗഹൃദത്തിന് പുതിയ അർത്ഥങ്ങൾ
ചമച്ച കൂട്ടുകാരുമല്ല
നീയാണമ്മേ, എന്നും എന്നെ ആകർഷിച്ചത്.
ദുഃഖമെന്നിൽ ഓടിയെത്തുമ്പോൾ
എനിക്ക് നിന്റെ കരവലയത്തിൽ അഭയം പ്രാപിക്കണം
സന്തോഷത്തിൽ, നിന്റെ കൈപിടിച്ച് പൊട്ടിച്ചിരിക്കണം.
നീയാണമ്മേ എനിക്കെല്ലാം
നിന്റെ നീർത്തടാകത്തിലെ അശ്രു, വറ്റിപ്പോയതല്ല
അതു ഞാൻ തേവികളഞ്ഞതാണമ്മേ
ഇനിയൊരു ജന്മം സാധ്യമെങ്കിൽ
എനിക്കു നിന്റെ കൈത്തലമായി
നിന്റെ ദേഹത്തെ ശുശ്രൂഷിക്കണം
അല്ലെങ്കിൽ നിന്റെ പാതയിൽ
പുഷ്പങ്ങളായി നിനക്ക് പാദസേവ ചെയ്യണം
എങ്കിലും തീരില്ലല്ലോ എന്റെ കടമ
ഒരു ശിശുവായി രൂപമെടുക്കും മുൻപ്
എത്രവട്ടം നിന്നെ ഞാൻ ദ്രോഹിച്ചു.
നിന്നെ ഞാൻ ആഞ്ഞുചവിട്ടിയില്ലേ, പലവട്ടം
പകരം നിനക്കും എന്നെ
വേദനിപ്പിക്കാമായിരുന്നു
നിനക്കതു കഴിയില്ലല്ലോ
അമ്മയല്ലേ, എല്ലാം സഹിക്കുന്നവൾ
മക്കളെ വയറുനിറച്ച് ഊട്ടുന്നവൾ
അവരുടെ ശകാരത്തിനു പാത്രമാകുന്നവൾ
തിരസ്ക്കരിക്കപ്പെട്ടവൾ
പക്ഷേ, അമ്മേ
നിന്നെ ഞാൻ സ്നേഹിക്കുന്നു
അല്ല പ്രണയിക്കുന്നു
ഒരുവട്ടമല്ല പലവട്ടം
നീയാണെന്റെ പ്രണയം
എന്റെ അഭയസ്ഥാനം





**Neol Graceson**
**ELS4**

# THOSE DAYS

On the top of my table
Lies a book
The bold letters 'My Life'
Decorates the cover page.
I opened up, turned the pages,
Got stuck at the third part.
The part that thrills me,
And made me ahat I am.
It's that part of life
Of adventure, love and spirit.
It was the time,
When everyone laughed aloud
When the good vibes ruled,
When there were no worries,
And no time for tensions.
The spirit of oneness,
That kept us alive
The bond of love,
That made us one
I closed the book and stared out
It was the bygone days.
A drop rolled down,
Down through the cheeks
It was that drop,
The drop of adventure, love and spirit
The drop of life.







ആർദ്ര വേലായുധൻ
ELS 4

# ചിറകാർന്ന മോഹങ്ങൾ

സംഗീതത്തോടുള്ള തന്റെ അടങ്ങാത്ത മോഹം, പാടണമെന്ന ആഗ്രഹം മനസ്സിൽ നിറഞ്ഞിട്ട് കുറേ നാളായി. അതിനൊരവസരം തേടി തന്റെ ആഗ്രഹം മേനോൻ സാറിന്റെ അടുത്തറിയിക്കാൻ അവൾ തീരുമാനിച്ചു. ഒരുദിവസം സാറിനോട് അവൾ അത് തുറന്നുപറഞ്ഞു. ഇന്നാണ് സാറിനെ കാണാൻ പറഞ്ഞിരിക്കുന്ന ദിവസം. ചിന്തയുടെ ലോകത്ത് മുഴുകിയിരുന്ന അവൾ പിടഞ്ഞെഴുന്നേറ്റു. വേഗം വേഷം മാറി മേനോൻ സാറിന്റെ വീടിനെ ലക്ഷ്യമാക്കി നടന്നു നീങ്ങി.

മേനോൻ സാറിന്റെ ആശ്രിതനായിരുന്ന കുമാരന്റെ മകളെ സഹായിക്കാൻ മോനോൻ സാർ തയ്യാറാവുമോ?...നെഞ്ചിടിപ്പോടെയാണ് ഓരോ ചുവടും അവൾ മുന്നോട്ട് വച്ചത്. ഇതിനിടയിൽ ചാറ്റൽ മഴ തൂവിയതൊന്നും അവൾ അറിഞ്ഞില്ല. എങ്ങനെയും മേനോൻ സാറിന്റെ വീട്ടിലെത്തുക. ഗേറ്റ് കടന്ന് മുറ്റത്ത് എത്തിയതും തന്നെ കണ്ടതുകൊണ്ടായിരിക്കണം കൂട്ടിൽക്കിടന്ന നായ്ക്കൾ കുരയ്ക്കാൻ തുടങ്ങി. ചുറ്റും ഒന്ന് കണ്ണോടിച്ചു. മുറ്റത്തിന്റെ ഇരുവശങ്ങളിലും നിറഞ്ഞ് നിൽക്കുന്ന പല തരത്തിലുള്ള പൂച്ചെടികൾ, ഭംഗിയുള്ള പൂക്കൾ ഒരു കാറ്റ് വീശിയാൽ പൂമണം വീശാനും നൃത്തം ചെയ്യാനും കാത്ത് നിൽക്കുന്ന പൂക്കൾ. ഒരുവശത്ത് വിളഞ്ഞുനിൽക്കുന്ന പച്ചക്കറികൾ നാളത്തെ കറികൾക്കുള്ളവരാണ് ഞങ്ങൾ എന്ന് അഹങ്കാരത്തോടെ വിളിച്ചുപറയുന്ന വിധം തലയുയർത്തി നിൽക്കുന്ന പച്ചക്കറികൾ. ഇതെല്ലാം മേനോൻ സാറിന്റെ വീടിനെ കൂടുതൽ മനോഹരമാക്കുന്നു. അവളെ കണ്ടതും ഉമ്മറത്ത് കസേരയിൽ ഇരുന്ന ഒരു കുട്ടി എഴുന്നേറ്റ് അകത്ത് പോയി. അല്പം കഴിഞ്ഞ് മേനോൻ സാറിന്റെ ഭാര്യ

അകത്തേക്ക് ക്ഷണിച്ചു. അകത്തേക്ക് കയറി അവൾ അന്തം വിട്ടത് പോലെ നിന്നു. പൂക്കളാൽ അലങ്കരിച്ച് വച്ചിരിക്കുന്ന മുറി. ഷെൽഫിൽ അടുക്കിവച്ചിരിക്കുന്ന പുസ്തകങ്ങൾ നിമിഷനേരംകൊണ്ട് അവളുടെ മനസ്സിൽ ഒരു സ്വപ്നം മിന്നിമറഞ്ഞു. എനിക്കും തന്റെ വീട് ഇത് മാതിരിയായിരിക്കണം. പണം ഉണ്ടായാൽ...മേനോൻ സാറിന്റെ ശബ്ദം കേട്ടു. ആ കുട്ടി വന്നുവോ ആ നാവിൽ നിന്ന് വരുന്ന വാക്കുകൾ എന്താണെന്നറിയാൻ ആകാംക്ഷയോടെ അവൾ സാറിന്റെ മുഖത്തേക്കുനോക്കി. പക്ഷേ നിരാശ മാത്രമായിരുന്നു മേനോൻ സാറിനും തന്നെ സഹായിക്കാൻ കഴിയില്ലെന്ന് ആ സംസാരത്തിൽ നിന്ന് തന്നെ മനസ്സിലായി. കണ്ണുകൾ നിറഞ്ഞ് തുളുമ്പി പുറത്തേക്ക് വരാതിരിക്കാൻ അവൾ ആവത് ശ്രമിച്ചു. പുറത്തിറങ്ങിയതും നിറഞ്ഞ് കവിഞ്ഞ് പോയി കണ്ണുകൾ. ചെടികളുടെ ഭംഗിയും സുഗന്ധവും ആസ്വദിക്കുന്ന മേനോൻ സാർ എന്റെ സംഗീതമെന്ന വിത്ത് മുളച്ച് പാടണമെന്ന ആശ വളർന്ന ഈ പാവം കുട്ടിയെ എന്തേ മേനോൻ സാർ കാണാതെ പോയി. നിറഞ്ഞ് വന്ന കണ്ണീർ തുടച്ച് അവൾ വീട്ടിലേക്ക് നടന്നു.

നിരാശയിൽ കുതിർന്ന തണുത്ത ഒരു പുഞ്ചിരിയുമായി വീട്ടിലേക്ക് കയറി വന്ന മകളെ ആശ്വസിപ്പിക്കാൻ അമ്മ ഒരു ശ്രമം നടത്തി പക്ഷേ ആ ആശ്വാസ വാക്കുകളിൽ ഒന്നും തന്നെ അവൾക്ക് ആശ്വാസം കണ്ടെത്താനായില്ല. ഭക്ഷണം കഴിച്ചെന്ന് വരുത്തി മുറിയിലേക്ക് പോയി ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. പാടണമെന്ന മോഹം അവസാനിപ്പിക്കുക. നേരം പുലർന്നപ്പോൾ കൂട്ടുകാരുമായി അവൾ സംസാരിച്ചു. പക്ഷേ എന്തുകൊണ്ടോ അവളുടെ ആ സംസാരം ആരും മുഖവിലക്കെടുത്തില്ല. ഇതിനിടയിൽ തന്റെ പ്രിയ കൂട്ടുകാരിക്ക് വേണ്ടി അവർ തുനിഞ്ഞിറങ്ങാൻ തീരുമാനിച്ചു.

ദിവസങ്ങൾ കടന്നുപോയിക്കൊണ്ടിരിക്കുന്നു. സന്ധ്യാവിളക്ക് കൊളുത്തി കൂപ്പുകൈകളോടെ ദേവിയെ തൊഴുതു നിന്നു. എന്നും ദേവിയെ വണങ്ങി പാടാറുള്ള ആ വരികൾ ഒന്നും അവളുടെ നാവിൽ വന്നില്ല. വിളക്കിലെ തിരിനാളം ഒന്ന് തിളങ്ങിയോ, അവൾ ആ തിരിയിലേക്ക് സൂക്ഷിച്ചുനോക്കി. തന്റെ സങ്കടം ദേവി കണ്ടുവോ...അതെ അവളുടെ മനസ്സിലെ സങ്കടം ദേവി കണ്ടത് കൊണ്ടാകണം പിറ്റേ ദിവസം അവളെ തേടി ഒരു കത്ത് പാടാൻ തയ്യാറായി വരിക തന്റെ കണ്ണുകളെ അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഓടിപ്പോയി കൂപ്പുകൈകളോടെ ദേവിക്കരികിലെത്തി. അമ്മയെ കാണിച്ച ശേഷം ആ കത്തുമായി അവൾ കൂട്ടുകാരുടെ അരികിലേക്ക് ഓടി തന്റെ കൈയ്യിൽ ഇരുന്ന കത്ത് അവൾക്ക് നേരെ നീട്ടി. തന്റെ സങ്കടത്തിലും തണലായി നിന്നിരുന്നവരാണവർ ആ കത്ത് കണ്ടതും അവർ മുഖത്തോടു മുഖം നോക്കി പുഞ്ചിരിച്ചു. അവരുടെ ആ പുഞ്ചിരിയുടെ അർത്ഥം ഒന്നും തന്നെ അവൾക്ക് മനസ്സിലായില്ല. കൂട്ടുകാർ ഒരുമിച്ച് ആ സ്ഥലത്തേക്കു പോകാൻ തീരുമാനിച്ചു. പിറ്റേ ദിവസം അവൾ പോയി പാടി ലോകം പിടിച്ചടക്കിയ സന്തോഷം. പിന്നീട് അവളുടെ പാട്ടുകൾ ലോകം മുഴുവൻ കേൾക്കാൻ തുടങ്ങി. ദിവസങ്ങൾ കടന്നു പോയി. ഒരുദിവസം അവൾ അറിഞ്ഞു തന്റെ ഈ വിജയത്തിന്റെ മുമ്പിൽ തന്റെ കൂട്ടുകാർ തന്നെയാണെന്ന്.

അന്ന് അവരുടെ അധരങ്ങളിൽ തെളിഞ്ഞ പുഞ്ചിരിയുടെ അർത്ഥം ഇന്നാണവൾക്ക് മനസ്സിലായത്. നിറഞ്ഞ മിഴിയോടെ വിതുമ്പുന്ന അധരങ്ങളോടെ വിറയാർന്ന കൈകളോടെ അവൾ തന്റെ കൂട്ടുകാരെ നോക്കി പറഞ്ഞു.

എന്റെ സംഗീതത്തിന്റെ ഭംഗിയും സുഗന്ധവും ഐശ്വര്യവും നിങ്ങളാണ് നിങ്ങൾ മാത്രം...എന്റെ പ്രിയ കൂട്ടുകാർ അതുകണ്ട അവരുടെ കണ്ണുകളും ഈറനണിഞ്ഞു.








ഫാത്തിമ നസീർ
MLS4

# ചാലക്കുടിക്കാരൻ ചങ്ങാതി

അലയടങ്ങാത്ത ഹാസ്യരംഗങ്ങളും കണ്ണീരിലൊപ്പിയ ഒട്ടനവധി നർമ്മ മുഹൂർത്തങ്ങളും മലയാളികൾക്ക് സമ്മാനിച്ചും, ആത്മാംശ പ്രധാനമായ നാടൻ പാട്ടുകളിലൂടെ മലയാളീ മനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയും മരിച്ചിട്ടും ജനമനസ്സുകളിൽ പുനർജ്ജനിച്ച മലയാളത്തിന്റെ അഭിമാനമായ കലാഭവൻ മണിയുടെ പാവനസ്മരണകൾക്കുമുമ്പിൽ ശിരസ്സുനമിക്കുന്ന ചലച്ചിത്രമാണ് വിനയന്റെ ചാലക്കുടിക്കാരൻ ചങ്ങാതി . യാഥാസ്ഥിത സംഭവങ്ങളെ ആസ്പദമാക്കി നിർമ്മിച്ചിരിക്കുന്ന ചിത്രം എന്ന പതിവ് പല്ലവിക്ക് എത്രയോ അപ്പുറം നിൽക്കുന്നതാണ് ചാലക്കുടിക്കാരൻ ചങ്ങാതി എന്ന ചലച്ചിത്രം. മലയാളചിത്രം എന്ന് വായിക്കുമ്പോൾ അല്പം ഊന്നലോടെയും അഭിമാനത്തോടെയും വേണം വായിക്കാൻ കാരണം ഇത്തരത്തിൽ ഒന്ന് മലയാളത്തിൽ ആദ്യമാണ്.

ദാരിദ്ര്യം എന്ന പ്രതിസന്ധിയിലൂടെയുള്ള ജീവിതമായിരുന്നുവെങ്കിലും അവയെ എല്ലാം മറികടന്ന് അവസാനം ഒരു നടനായി അതിനേക്കാളൊക്കെ ഉപരി ജനനായകനായി ഈ ലോകത്തോട് വിടപറഞ്ഞ മലയാളത്തിന്റെ അനശ്വരനടനാണ് കലാഭവൻ മണി. അദ്ദേഹത്തിന്റെ ജീവിത ഏടുകളിലൂടെയുള്ള സഞ്ചാരമാണ് ചാലക്കുടിക്കാരൻ ചങ്ങാതി എന്ന ചലച്ചിത്രം. തന്റെ കഴിവിന്റെ പരമോന്നത നിലയിൽ കലാഭവൻ മണിയെന്ന അതുല്യപ്രതിഭയെ വേഷപ്പകർച്ച

കൊണ്ടും സംസാരരീതി കൊണ്ടും സംസാരഭീതി കൊണ്ടും ശരീര ലാവണ്യം കൊണ്ടും വളരെ യഥാർത്ഥമായി സെന്തിൽ അവതരിപ്പിച്ചു. ആദ്യകാലങ്ങളിൽ മണിയെ നിറത്തിന്റെ പേരിൽ ജീവിതത്തിലും ചലച്ചിത്രത്തിലും മാറ്റി നിർത്തിയിട്ടുണ്ട്. ദുരനുഭവങ്ങളുടെ കലവറയായിരുന്നു മണിയുടെ സമകാലീന ജീവിതം. കാരണം സ്നേഹിച്ച പെൺകുട്ടിയെ നഷ്ടപ്പെട്ടതും പിന്നീട് താത്പര്യം തോന്നിയ മറ്റൊരു പെൺകുട്ടിയെ വളരെ ചങ്കുറ്റത്തോടെ വിവാഹാലോചന നടത്തിയപ്പോൾ ആ പെൺകുട്ടിയുടെ പിതാവ് തിരസ്ക്കരിച്ചതും മണി താഴ്ന്ന ജാതിയിൽ പിറന്നുപോയി എന്ന ഒരൊറ്റ കുറ്റത്തിന്റെ പേരിലാണ്. ജാതീയതയും വർണ്ണ വിവേചനവും മണിയുടെ സമസ്ത ജീവിതത്തിലും പ്രതിസന്ധികൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളു.

പ്രതിസന്ധികളെയും പ്രത്യാശകളെയും അങ്ങനെ ഒട്ടനവധി ജീവിതാഭിമുഖ്യം പുലർത്തുന്ന ബിംബങ്ങളാൽ സമൃദ്ധമാണ് ചലച്ചിത്രം. ഈ സിനിമയുടെ ആദ്യമധ്യാന്തങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ജലം പ്രതീക്ഷകളുടെയും, സ്വപ്നങ്ങളുടെയും മുഖമുദ്രയാണ്. മദ്യം ഈ സിനിമയുടെ ഭേദഗതിയെ തന്നെ മാറ്റുന്ന വസ്തുതയാണ്. കാരണം മദ്യമെന്ന കാപാലികനാണ് മണിയെ മലയാളത്തിന് നഷ്ടമാക്കിയത്. ഓട്ടോ എന്ന മാധ്യമമാണ് മണിയുടെ ജീവിതത്തെ കരുപിടിപ്പിച്ച വിജയത്തിന്റെ ആദ്യപടി. ദാരിദ്ര്യവും, കറുത്ത വർണ്ണവുമെല്ലാം പ്രതിസന്ധിയുടെയും ദുരനുഭവങ്ങളുടെയും ഘോരചിഹ്നങ്ങളെയാണ് പ്രതിനിധീകരിക്കുന്നത് ഒപ്പം തന്നെ കിണ്ടി ഉപയോഗിച്ച് കാലുകഴുകി ഗൃഹത്തിൽ പ്രവേശിക്കുന്നത് ആഢ്യത്തിന്റെയും അഹങ്കാരത്തിന്റെയും മുഖമുദ്രയായി കൂട്ടിവായിക്കേണ്ടതാണ്, പണമെന്നത് വിധിയായി അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രത്യക്ഷപ്പെടുകയായിരുന്നു. കാരണം സ്നേഹിച്ച പെണ്ണ് അദ്ദേഹത്തെ ഉപേക്ഷിച്ചതും പിന്നീട് അതേ പെൺകുട്ടി തന്നെ സഹായഹസ്തവുമായി അദ്ദേഹത്തെ സമീപിച്ചതും വിധിയുടെ ഓരോ നാട്യങ്ങൾ തന്നെയാണ്.

ക്ലൈമാക്സിലേക്ക് അടുക്കുമ്പോൾ ചിത്രം കൂടുതൽ വികാരഭരിതമാകുന്നു. ഒട്ടനവധി പേരുടെ ജീവിതഗതിയെതന്നെ മാറ്റിമറിക്കുന്നു. മണി പലതവണയായി പറഞ്ഞ കഥകളും ചേർത്ത് വെച്ചുകൊണ്ടുള്ള പ്ലോട്ടാണ് സിനിമക്കുള്ളത്. പക്ഷെ കലാഭവൻമണി എന്ന വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടായ മുഹൂർത്തങ്ങൾ കോർത്തിണക്കിയതോടൊപ്പം ചില കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട് കഥാകൃത്ത്. കലാഭവൻ എന്ന ബഹുമുഖ പ്രതിഭയെ പൂർണ്ണമായി അവതരിപ്പിക്കുവാൻ സാധിച്ചിട്ടില്ല ഈ കഥയിൽ.

സെന്തിൽ രാജാമണി മണി എന്ന കഥാപാത്രമായി ജീവിച്ചുവെന്ന് വേണം പറയാൻ. അനുകരണ പ്രധാനമായ വേഷം അഭിനയ മികവുകൊണ്ടും ഭാവ വൈവിദ്ധ്യംകൊണ്ടും അവതരിപ്പിക്കുക എന്ന റിസ്ക്ക് ഏറ്റെടുത്ത് വളരെ നാചുറലായി തന്നെ അദ്ദേഹം അവതരിപ്പിച്ചു. സലിം കുമാർ, ജോജു, വിഷ്ണു ഗോവിന്ദൻ, കോട്ടയം നസീർ, ധർമ്മജൻ, ഹമം◌ി റോസ് തുടങ്ങി എല്ലാരും തങ്ങളുടെ വേഷങ്ങൾ അഭിനയമികവുകൊണ്ട് മികച്ചതാക്കി. കാസ്റ്റിങ്ങിലും അഭിനയത്തിലും ചാലക്കുടിക്കാരൻ ചങ്ങാതി ഒരുപാട് മുന്നിലാണ്. സന്ദർഭോചിതമായ പശ്ചാത്തല സംഗീയതമാണ് ഈ സിനിമയെ മറ്റുള്ള സിനിമയിൽ നിന്നും വേറിട്ടതാക്കുന്നത്. ചാലക്കുടിക്കാരൻ ചങ്ങാതി എന്ന സിനിമ കാണുവാൻ അനുവാചകനെ പ്രേരിപ്പിക്കുന്നത് അദ്ദേഹത്തിന്റെ തന്നെ കൈയ്യൊപ്പിട്ട ഗാനങ്ങളുടെ ഭാവാത്മകതയാണ്.

പ്രകാശ് കുട്ടിയുടെ ഛായാഗ്രഹണവും എടുത്തുപറയേണ്ട ഒന്നാണ്. അദ്ദേഹം മലയാള സിനിമയ്ക്ക് വരുംകാല മുതൽക്കൂട്ടാണെന്ന് പറയാം. സിനിമയ്ക്ക് നൂറുശതമാനം അനുയോജ്യമായ ലൈറ്റിങ്ങും, ഫ്രെയിമുകളും, സന്ദർഭോചിതമായി ഇടയ്ക്കിടെ മാറിയ ക്യാമറയുമെല്ലാം ഈ സിനിമയുടെ മുഖ്യ സവിശേഷതയാണ്. വിജയത്തിന്റെ കൊടുമുടികളോരോന്നും ചവിട്ടി കയറിയപ്പോഴും തന്റെ നാടിനെ എന്നും അദ്ദേഹം നെഞ്ചോടു ചേർത്തു പിടിച്ചിരുന്നു എന്നതിന്റെ സൂചനയാണ് അദ്ദേഹത്തിനെ ഇന്നും ആ നാട് ആഗ്രഹിക്കുന്നു എന്ന വസ്തുത. മരണത്തിന്റെ പൂച്ചെണ്ടുകൾ അദ്ദേഹത്തെ പുൽകിയെങ്കിലും തോൽവിക്കുമുമ്പിൽ മുട്ടുമടക്കാത്ത ആ പുരുഷത്വത്തെയാണ് കേരളം ആരാധിച്ചത്. മരിച്ചിട്ടും മരിക്കാത്ത ചാലക്കുടിക്കാരൻ ചങ്ങാതിയാണ് കലാഭവൻ മണി.



ന്യൂമാൻ കോളേജ് മാഗസിൻ 2018-2019





Rita K Sunil
ELS 2

# YOU ARE THE ONE

The way you rise
the way you look
and the way you behave
continues as the time passes
you are the strength
you are the future
That gentle push
that angry voice
fits you perfectly.
you are the strength
you are the future
you burn like a candle
shine like a star
rise like sun and
change like moon
you make mistakes
but appear like a rainbow
and learn from them
you are the strength
you are the future
as the clock moves fast
the whole world gets changed
and the brimming river may dry up
but they always glitter like a star
because you are the strength
you are the future
you may not be like Vivekananda
or Mahatma but you are the one
always burn like a candle
the youth you are the strength
you are the future.






Aiswarya Babu
KS2

# Wonders Of Spring

Wonders of spring
when I opened my window,
my eyes fallen into my garden
the little butterflies,
flying here and there.
the charming flowers
working at the sky and smiling
oh what a wonderful
what a beauty
fragrance of flowers
going to distant places, even
in the lakes and ponds.
trees are full of blossoms
the sky is clear
birds are flying, smiling and
singing their sweet songs.
oh! wow now I understand
the beautiful spring season arrives.
wow! what a wonder
what a beauty








പൂജ സജീവൻ
PS4

# പുനർജന്മം

ദാഹിക്കുന്നു, ഞാൻ മരിക്കാൻ പോവുകയാണോ
അറിയില്ല, കൊടും വേനലിന്റെ തീച്ചൂളയിൽ
ഒരിറ്റു ദാഹജലത്തിനായി ഞാൻ വെമ്പുന്നു.
എന്റെ ഇലകൾ കൊഴിഞ്ഞുകൊണ്ടിരിക്കുന്നു
സ്വപ്നങ്ങൾ, പ്രതീക്ഷകൾ എല്ലാം ഒന്നൊന്നായി...
സൂര്യൻ താഴേക്കിറങ്ങുകയാണ്
ഞാൻ മരിച്ചുകൊണ്ടിരിക്കുന്നു. അല്ല
മരിച്ചുകഴിഞ്ഞു.
ഇതേതു ലോകം, ഞാൻ സ്വർഗ്ഗത്തിലാണോ
അല്ല ഇത് ഭൂമി തന്നെ, ഞാൻ മരിച്ചില്ലേ?
ഇല്ല ഇതൊന്തൊരത്ഭുതം ഭൂമിദേവി തന്റെ
മടിത്തട്ടിൽ എന്നെ ഒളിപ്പിച്ചിരിക്കുന്നു
ഞാൻ സുരക്ഷിതയാണ്.
എന്നിലെ ആത്മാവ് ഉറങ്ങുന്നു, ദീർഘമായ ഉറക്കം
ഒരു കുളിർകാറ്റ് എന്നെ വന്നു വിളിച്ചു
കണ്ണുതുറന്നപ്പോ ഞാൻ ഞെട്ടി
ചുറ്റിനും പച്ചപ്പ് എന്നിൽ തളിരിലകൾ
കാലങ്ങൾ വന്നുപോയത് ഞാൻ അറിഞ്ഞില്ല
വേനൽ മാറി മഴ വന്നതും
സൂര്യന് മേഘങ്ങൾ താക്കിത് നൽകിയതും
ഞാൻ അറിഞ്ഞില്ല
എന്റെ സ്വപ്നങ്ങൾ ഇനി തുടരാം
അതിജീവനത്തിന്റെ പാതയിൽ...







Annamol Chacko
MS4

# A PUZZLE OF IDENTICAL TWINS

Following is an excerpt from 5000 B.C and other philosophical fantasies by R. Smullyan.

Suppose there are two identical twin brothers, one who always lies and the other who always tells the truth. Now the truth teller is also totally accurate in all his beliefs, all the true propositions he believes to be true and false propositions he believes to be false. The lying brother is totally inaccurate in his beliefs, all the true propositions he believes to be true. The interesting thing is that each brother will give the same answer to the same question. For example, suppose you ask whether two plus two equals four, the accurate truth teller know that it is and truthfully answer yes. The inaccurate liar will believe that two plus two doesnot equal four (since he is inaccurate) and will then lie and say that it does, he will also answer yes.

Two logicians were having an argument about the following question. Suppose one were to one of these two brothers alone. Would it possible by asking him any number of yes -no questions to findout which one he is? One logician said "No it would no to be possible because whatever answers you got to your questions, the other would have given the same answer". The second logician said that it is possible to findout. The second logician was right. and the puzzle has two parts.

1. How many questions are necessary and more interesting yet?

2. What was wrong with first logicians argument?

To determine which brother you are addressing, one question is enough, just ask him if he is the accurate truth teller. If he is he will know that he is (since he is accurate) and truthfully will answer yes. If he is the inaccurate liar, he will believe that he is accurate truth teller (since he is inaccurate in his believes) but he will lie and say no. So the accurate truth teller will answer yes and the inaccurate liar no to this question.

Now that was wrong with first logicians argument, don't the two brothers give the same answer to the same question? They do but the whole point is that if I ask one person "Are you the accurate truth teller?" and then ask another "Are you the accurate truth teller?" I am asking two different questions since the identical word you has a different reference in each case.









അലീന രാജു
PS4

# വിലാപം

ഭൂമിതൻ ഞരമ്പാകുന്ന എന്നെ
നിങ്ങൾ മലിനമാക്കി
എന്റെ രക്തം നിങ്ങൾ വിഷമയമാക്കി
എന്റെ മാംസവും നീരും
നിങ്ങൾ ഊറ്റിയെടുത്തു.
എന്നെ അർധപ്രായനാക്കി
നിങ്ങൾ കടന്നുകളഞ്ഞു.
എന്നിൽ നിന്നും പുതുജീവൻ നുകർന്ന്
കളകളാരവം മുഴക്കുന്ന കിളികളും
നൃത്തമാടുന്ന വൃക്ഷ സുഹൃത്തും
എങ്ങോ പോയി മറഞ്ഞു.
നീരും വറ്റി, ശ്വാസവും നിലയ്ക്കാറായി
എൻ അമ്മയാം പ്രകൃതി തൻ മടിത്തട്ടിൽ
മരണത്തിനായി കാത്തുകിടക്കുന്നു.

ഞാൻ മരിക്കയില്ല...
എന്റെ കർമ്മം പൂർത്തിയായില്ല.
വരാനിരിക്കുന്ന ഒരു പുതു ജനതയ്ക്കായി,
എൻ അരികിൽ ദാഹജലത്തിനായി
കാത്തിരിക്കുന്ന പ്രകൃതിതൻ മക്കൾക്കായി
എന്നിൽ നിന്നും ഊർജ്ജം സ്വീകരിച്ച്
നൃത്തമാടാൻ കാത്തിരിക്കുന്ന സുഹൃത്തിനായി
ഞാൻ ഇനിയും ജീവിക്കും...
പ്രകൃതിയെ സ്നേഹിക്കുന്ന ഒരു
നല്ല ജനതയുടെ വരവ് സ്വപ്നം
കണ്ടു ഞാൻ ഉറങ്ങുന്നു...
നന്മയുടെ ലോകത്ത് ഉണരുവാനായി...
ഞാൻ മരിക്കയില്ല...
ഞാൻ ജീവിക്കുന്നു...





Midhun P. Ratheesh
KS4

# My Pearl...
# My Love...
# My Sister...

I met you as a stranger, then took you as my friend,
Our friend is something that will never end.
When I was in darkness that needed some light,
You came to me and hugged me light.


You took my hands and dried my eyes,
You woke me up to end my fears.
You took my hand and made me see,
That god has a special plan for me.

You helped me laugh,
When I was sad.
You made me tough,
When I felt bad.

Our friendship made me see the light
Our friendship showed me that was right.
I hope our friendship will never end,
I hope our friendship will never end.







കൃഷ്ണനുണ്ണി
LS4

ഇവിടെ സ്ത്രീജന്മത്തെ സ്നേഹിക്കണമെങ്കിൽ, ബഹുമാനിക്കണമെങ്കിൽ,
ആരാധിക്കണമെങ്കിൽ അവളെ കല്ലിൽകൊത്തിവെയ്ക്കണം.
ശ്രീകോവിലിലോ, രൂപക്കൂട്ടിലോ വെച്ചു പൂട്ടണം. പൂവിട്ട് പൂജിക്കണം.
അവതാര പിറവി എടുത്ത മാതൃസ്വരൂപത്തെ ഇഞ്ചിഞ്ചായി കൊന്നു തിന്നുന്ന
ഇന്നിവിടെ പെണ്ണിന് പെണ്ണാവണമെങ്കിൽ കഴുകൻ കണ്ണുകളിൽ നിന്ന്
രക്ഷനേടണമെങ്കിൽ അവളെ കല്ലിൽകൊത്തിവെയ്ക്കണം,
രൂപക്കൂട്ടിൽവെയ്ക്കണം.
മനുഷ്യരൂപമുള്ളത് സ്ത്രീയല്ല പെൺശരീരമാണ്, വെറും പെൺശരീരം...

# സഖേയ മുതൽ അലത്താളം വരെ

# യൂണിയൻ റിപ്പോർട്ട് 2018-19

## 2018-19 കലാലയ വർഷത്തെ ന്യൂമാൻ കോളേജ് യൂണിയന്റെ പ്രവർത്തന റിപ്പോർട്ട്

2018 സെപ്റ്റംബർ മാസം 11-ാം തീയതി മാർ മാത്യു പോത്തനാമൂഴി ഹാളിൽ വെച്ച് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. വിൻസന്റ് നെടുങ്ങാട്ടിന്റെയും വൈസ് പ്രസിഡന്റ് റവ.ഡോ. മാനുവൽ പിച്ചളക്കാട്ടിന്റെയും ബർസാർ ഫാ.തോമസ് പൂവത്തിങ്കലിന്റെയും സ്റ്റാഫ് അഡ്വൈസർ പ്രൊഫ.കെ. പി. ബെന്നിയുടെയും നേതൃത്വത്തിൽ കോളേജ് യൂണിയൻ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

| | |
|---|---|
| ചെയർമാൻ | - അശ്വിൻ ബാബു |
| വൈസ് ചെയർപേഴ്സൺ | - സ്വാതിമോൾ ബാബു |
| ജന.സെക്രട്ടറി | - അഖിൽ വിശ്വകുമാർ |
| യു.യു.സി. | - അമൽ സുധാകരൻ |
| | പാർവ്വതി എം നായർ |
| ആർട്സ് ക്ലബ് സെക്രട്ടറി | - ചന്ദന മോഹൻ |
| മാഗസിൻ എഡിറ്റർ | - ആർദ്ര വേലായുധൻ |
| സ്പോർട്സ് ക്ലബ് സെക്രട്ടറി | - ജിനീഷ് ഒ.എസ്. |
| വനിതാ പ്രതിനിധികൾ | - അജ്മി റഹിം |
| | സൂര്യ ജിജി |
| 1-ാം വർഷ പ്രതിനിധി | - വിവേക് മോഹൻ |
| 2-ാം വർഷ പ്രതിനിധി | - അരുൺ എ വിനയൻ |
| 3-ാം വർഷ പ്രതിനിധി | - അൽത്താഫ് അനസ് |
| പി ജി പ്രതിനിധി | - മനു മാത്യു |
| | ടോണിച്ചൻ മനയാനി |

### സത്യപ്രതിജ്ഞ

സെപ്റ്റംബർ മാസം 19-ാം തീയതി മാർ മാത്യു പോത്തനാമൂഴി ഹാളിൽ വെച്ച് നടന്ന ലളിതമായ ചടങ്ങിൽ ചെയർമാൻ അശ്വിൻ ബാബുവിന്റെ നേതൃത്വത്തിൽ യൂണിയൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു. സ്റ്റാഫ് അഡ്വൈസറായി പ്രൊഫ. കെ.പി. ബെന്നി, ഡോ.ജെന്നി കെ അലക്സ് എന്നിവർ നിയമിതരായി.

### സഖേയ - യൂണിയൻ ഉദ്ഘാടനം

ഈ വർഷത്തെ കോളേജ് യൂണിയന്റെ ഉദ്ഘാടനം ഒക്ടോബർ മാസം 11-ാം തീയതി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. സിനിമാ താരം സംയുക്ത മേനോനും പ്രളയത്തിൽ മുങ്ങിയ കേരളത്തെ കൈപിടിച്ചു കയറ്റിയ മത്സ്യ തൊഴിലാളികളും സംയുക്തമായി ഉദ്ഘാടന കർമ്മം നിർവഹിച്ചു. കോളേജ് യൂണിയൻ ചെയർമാൻ അശ്വിൻ ബാബു അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പൽ റവ. ഡോ.വിൻസന്റ് നെടുങ്ങാട്ട്, സ്റ്റാഫ് അഡ്വൈസർ പ്രൊഫ.കെ.പി.ബെന്നി എന്നിവർ പ്രസംഗിച്ചു.

### ബാന്റ് ഉദ്ഘാടനം

യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് തന്നെ കാലാകാലങ്ങളായി കടലാസിൽ മാത്രം ഒതുങ്ങിയിരുന്ന ന്യൂമാൻ കോളേജിന്റെ സ്വന്തം ബാന്റായ ന്യൂമാൻ റൈറ്റ്ഡ്സിന്റെ ഉദ്ഘാടനം ബഹു. പ്രിൻസിപ്പൽ നിർവഹിച്ചു.

### ഫിലിം & ഡ്രാമാ ക്ലബ്

പൊടിപിടിച്ച താളുകൾക്കിടയിൽ മാത്രം അവശേഷിച്ചിരുന്ന ന്യൂമാൻ ഫിലിം ആന്റ് ഡ്രാമാ ക്ലബിന്റെ ഉദ്ഘാടനം 2018 നവംബർ 16ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ശ്രീ.ബിനോയ് നമ്പാല നിർവഹിച്ചു. തുടർന്ന് നടന്ന ആക്ടിംഗ് വർക്ക്ഷോപ്പിലും ഒട്ടനേകം വിദ്യാർത്ഥികൾ പങ്കെടുത്തു.

### കേരളപ്പിറവി ദിനാഘോഷം

എല്ലാ വർഷങ്ങളിൽ നിന്നും വിഭിന്നമായി ഈ വർഷത്തെ കേരളപ്പിറവി ദിനാഘോഷം നവംബർ 19ന് നടത്തപ്പെട്ടു. അന്നേ ദിവസം കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് മലയാളി മങ്ക, കേരള കേസരി മത്സരങ്ങളും നടത്തപ്പെടുകയും ചെയ്തു.

### വോട്ടേഴ്സ് ലിസ്റ്റ് എൻറോൾമെന്റ്

വിദ്യാർത്ഥികളുടെ ഇടയിൽ പൗരബോധം വളർത്തുന്നതിന്റെ ഭാഗമായി നവംബർ 19ന് കോളേജിൽ വെച്ച് വിദ്യാർത്ഥികൾക്ക് വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള അവസരം നൽകി. നൂറോളം വിദ്യാർത്ഥികൾ ഈ അവസരം ഉപയോഗ





പ്പെടുത്തി.

### സെമിനാർ -നവോത്ഥാനവും സ്ത്രീകളും

എം.ജി സർവ്വകലാശാല യൂണിയനോട് ചേർന്ന് കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ മാർ മാത്യു പോത്തനാമൂഴി ഹാളിൽവെച്ച് നവോത്ഥാന കേരളവും സ്ത്രീകളും എന്ന വിഷയത്തിൽ എംജി സർവ്വകലാശാല സിന്റിക്കേറ്റംഗം ശ്രീമതി അജി സി പണിക്കരുടെ നേതൃത്വത്തിൽ സെമിനാർ നടത്തി.

### ക്രിസ്മസ് ആഘോഷം

ഈ വർഷത്തെ ക്രിസ്മസ് ആഘോഷം 2018 ഡിസംബർ 21ന് കോളേജിൽ വെച്ച് നടത്തപ്പെട്ടു. കണ്ടുമടുത്ത പതിവ് കാഴ്ചകൾക്ക് വിപരീതമായി നടത്തപ്പെട്ട സ്പോട്ട് കോറിയോഗ്രാഫി, സാന്താക്ലോസ്,കരോൾ മത്സരങ്ങളും അക്ഷരാർത്ഥത്തിൽ ന്യൂമാൻ കോളേജിനെ ഇളക്കി മറിച്ച ദിവസമാക്കി മാറ്റി.

### മുദ്ര 2019- ആർട്സ് ഫെസ്റ്റ്

ന്യൂമാൻ കലാലയത്തിൽ ഏറ്റവും ആഘോഷപൂർവ്വം നടത്തപ്പെടുന്ന നമ്മുടെ കലോത്സവത്തിന്റെ മുദ്രയുടെ മൂന്നാം പതിപ്പ് ജനുവരി 22,23 തീയതികളിലായി നടത്താൻ തീരുമാനിച്ചെങ്കിലും യൂണിവേഴ്സിറ്റി പരീക്ഷകളെ തുടർന്ന് ഫെബ്രുവരി 1,2 തീയതികളിലായി നടത്തപ്പെട്ടു. ഇംഗ്ലീഷ് ലിറ്ററേച്ചർ, കൊമേഴ്സ് റഗുലർ, കെമിസ്ട്രി എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

### ന്യൂമാൻ T 20 കപ്പ്

കോളേജിലെ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിനോടും ക്രിക്കറ്റ് ടീമിനോടും സഹകരിച്ച് ഈ വർഷത്തെ ന്യൂമാൻ ടി ട്വന്റി ഫെബ്രുവരി നാല് മുതൽ ഏഴ് വരെ കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തി. എട്ട് കോളേജുകൾ പങ്കെടുത്ത ടൂർണ്ണമെന്റിൽ ന്യൂമാൻ കോളേജ് മൂന്നാം തവണയും കിരീടം നേടി.

### സ്കിറ്റ് കോമ്പറ്റീഷൻ

കഴിഞ്ഞ വർഷങ്ങളിൽ നിന്നും വിഭിന്നമായി ഇന്റർ ഡിപ്പാർട്ട്മെന്റ് സ്കിറ്റ് കോമ്പറ്റീഷൻ ആർട്സ് ഡേയിൽ നിന്നും എടുത്ത് മാറ്റി പകരം അതിനായി പ്രത്യേകം ദിവസം കണ്ടെത്തി ഫെബ്രുവരി 7ന് നടത്തുകയുണ്ടായി.

### ഫുഡ്ഫെസ്റ്റ്& വടംവലി

കലാലയ വർഷത്തെ ഫുഡ്ഫെസ്റ്റ് & വടം വലി മത്സരങ്ങൾ 2019 ഫെബ്രുവരി 21ന് വുമൺ സെല്ലിന്റെയും ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ചു.

### Fiba Level 1

Fiba Level 1 കോച്ചും ചെയർമാനുമായ ഡോ. പ്രിൻസ് കെ മറ്റം ഉദ്ഘാടനം നിർവഹിച്ചു.

### അലത്താളം 2019

കഴിഞ്ഞ വർഷങ്ങളിലെ യൂണിയൻ റിപ്പോർട്ടുകളിൽ അഭിമാനപൂർവ്വം യൂണിയൻ പറഞ്ഞ ഒരു കാര്യം യൂണിവേഴ്സിറ്റി കലോത്സവത്തിലെ നമ്മുടെ പങ്കാളിത്തത്തെക്കുറിച്ചായിരുന്നു. 39 ഇനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും അതിൽ 18 ഇനങ്ങളിൽ സമ്മാനങ്ങൾ നേടുകയും ചെയ്തു. അതിനോടൊപ്പം തന്നെ എം ജി സർവകലാശാല കലോത്സവ ലിറ്ററി ഇനങ്ങളിൽ കിരീടം എസ്എച്ച് കോളേജ് തേവരയുമായി ഒന്നാം സ്ഥാനം പങ്കുവെച്ചു. ചരിത്രത്തിലാദ്യമായി ന്യൂമാൻ കോളേജ് അഞ്ചാം സ്ഥാനം കരസ്ഥമാക്കി.

ദീർഘകാലത്തെ വിശിഷ്ട സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന നമ്മുടെ പ്രിൻസിപ്പൽ റവ.ഡോ. വിൻസന്റ് നെടുങ്ങാടിനും സ്റ്റാഫ് അഡ്വൈസർ പ്രൊഫ.കെ.പി. ബെന്നി സാറിനും യൂണിയന്റെ പേരിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

യൂണിയന്റെ പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന ബഹു. പ്രിൻസിപ്പളിനോടും എല്ലാത്തിനും ഞങ്ങളോട് സഹകരിച്ച് പ്രവർത്തിച്ച സ്റ്റാഫ് അഡ്വൈസർമാരായ പ്രൊഫ.കെ.പി. ബെന്നി സാറിനോടും ജെന്നി സാറിനോടുമുള്ള ഞങ്ങളുടെ അകൈതവമായ കടപ്പാട് വാക്കുകളിൽ ഒതുങ്ങുന്നില്ല. യൂണിയൻ പ്രവർത്തനങ്ങളിൽ ഞങ്ങളോട് സഹകരിച്ച എല്ലാ അധ്യാപകരോടും അനധ്യാപകരോടും സർവ്വോപരി ഞങ്ങളെ ഇതിനായി നിയോഗിച്ച പ്രിയ കൂട്ടുകാരോടും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ചുരുങ്ങിയ ഈ കാലയളവിൽ ചെയ്തു തീർത്ത കാര്യങ്ങളിൽ അഭിമാനത്തോടെ എന്നാൽ വന്നു പോയ വീഴ്ചകൾ സമ്മതിച്ചു കൊണ്ടുതന്നെയും നിങ്ങളെല്ലാവർക്കും ഒരിക്കൽ കൂടി എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേർന്നു കൊണ്ട് ഈ പ്രവർത്തന റിപ്പോർട്ട് പ്രിൻസിപ്പൾ, ഗുരുജനങ്ങൾ, സഹപാഠികൾ മുൻപാകെ സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹപൂർവ്വം

ജനറൽ സെക്രട്ടറി


**അഖിൽ വിശ്വകുമാർ**



Aimas U.E.

















Anumol Prabhakaran




Pallavi M.
KOS4








Rohit K Raju



Shilpa Rajan Zs2



# SERVICE HISTORY OF THE RETIRING STAFF



**Rev. Dr. Vincent Joseph Nedungattu**
Principal
(Service: 22 Years 5 Months)



**Prof. Jose Mathew**
Head, Dept. of Chemistry
(Service: 24 Years 5 Months)



**Dr. Benny K.A**
Head, Dept. of History
(Service: 29 Years)



**Prof. Benny K.P**
Head, Dept. of Commerce
(Service: 27 Years 6 Months)



**Prof. K.A. Philip**
Department of Physics
(Service: 32 Years 3 Months)



**Dr. Alice K.V.**
Head, Dept. of Mathematics
(Service: 26 Years 3 Months)



**Prof. Rageena Joseph**
Head, Dept. of Physics
(Service: 16 Years 11 Months)



**Smt. Gracy E.R.**
Head Accountant
(Service: 34 Years 2 Months)



**Sr. Ancy Varghese**
UDC
(Service: 28 Years 11.5 Months)



**Smt. Molly Joseph**
Laboratory Assistant
(Service: 34 Years 6 Months)




# നന്ദി

ഈ യുഗത്തിന്റെ ഭാഗമാകാൻ
ഈ കലാലയത്തിന്റെ
ഭാഗമാകാൻ ഞങ്ങളെ കാത്തുവെച്ച
കാലത്തിന് നന്ദി.
അക്ഷരങ്ങളെ കോർത്തിണക്കി
ഓർമ്മകൾക്ക് വളമാകാൻ
പ്രവ്ദയെ വിരിയിച്ചെടുക്കാൻ കൂടെ നിന്ന
സുമനസ്സുകൾക്കും നന്ദി.

സ്നേഹത്തോടെ,

ആർദ്രാ വേലായുധൻ
മാഗസിൻ എഡിറ്റർ
കലാലയ യൂണിയൻ 2018-19




Lead Kindly Light


© ashik joy
@____m.o.n.s.t.e.r


Newman College
Thodupuzha, Idukki(Dist), Kerala- 685584, India
(Re-accredited by NAAC with A Grade &
affiliated to MG University, Kottayam)
Ph: 04862 222686(off)229797(Principal), 222486(Bursar)
E-mail: newmancollegethodupuzha@gmail.com
Url:www.newmancollge.ac.in